പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

വാല്യം 34 ലക്കം ദനഹാ ഡിസംബർ 2015 വാർഷിക വരിസംഖ്യ ₹ 100




പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



# പിതൃമൊഴി

**ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ**

പ്രേഷിത പ്രവർത്തനത്തിന്റെ യഥാർത്ഥ
ഫലദായകത്വം അടങ്ങിയിരിക്കുന്നത്
പ്രാർത്ഥനയുടെ തീവ്രതയിലാണ്.

ക്രൈസ്തവന്റെ ജീവിതം കൂദാശകളാൽ
താങ്ങുന്നതാവണം. സഭ നമുക്കു നല്കുന്നതെല്ലാം
നമ്മുടെ ഹൃദയത്തിനു മാധുര്യമേറിയതാണ്.
അതിനു നാം വിധേയപ്പെടണം.


കുമ്പസാരമെന്ന കൂദാശ നമ്മെ
വീണ്ടും ജനിപ്പിച്ച് പുതിയ സൃഷ്ടികളും
ദൈവസദൃശ്യരുമാക്കി മാറ്റുന്നു.
വൈദികൻ ആരായാലും പാപവിമോചനം
നല്കുമ്പോൾ മിശിഹായുടെ രക്തം
നമ്മുടെ ആത്മാവിനെ വിശുദ്ധീകരിക്കുന്നു.

നമ്മുടെ അമ്മയും ഗുരുനാഥ
യുമാണ് സഭ. മലയിലേക്ക് വെള്ളവും
ഭക്ഷണവുംകൂടാതെ നാം കയറുകയില്ല.
അതുപോലെ വിശുദ്ധിയുടെ മലയിലേക്ക്
കൂദാശകളുടെ കൃപ കൂടാതെ
നാം കയറുകയില്ല.

സഭയിൽ എല്ലാവരും വിശുദ്ധിയിലേക്ക്
വിളിക്കപ്പെട്ടിരിക്കുന്നു. സഭയെ
സ്നേഹിക്കാതെയും സഭയോടൊത്തു
ജീവിക്കാതെയും ആർക്കും
വിശുദ്ധരാകാൻ സാധിക്കുകയില്ല.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**വാല്യം 34 ദനഹാ ലക്കം ഡിസംബർ 2015**

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"* (1 തെസ 4,3)


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**

**വാർഷിക വരിസംഖ്യ ₹100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. **Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- ദനഹാക്കാലം 05
- ദിവ്യകാരുണ്യജീവിതം 08
- ഒരിറ്റു കരുണ 11
- കാരുണ്യത്തിന്റെ മുഖം 13
- പരസ്പരം ഭാഗ്യമാകാൻ... 16
- വിശുദ്ധിയുടെ മുത്തുകൾക്ക് 18-19
- The True Light 20
- ഇതാണ് വഴി 23
- ചില സത്സൂക്തങ്ങൾ 25
- സൃഷ്ടിയുടെ സുവിശേഷം.... 26
- കാരുണ്യവഴിയിലെ... 28
- ദുരിതമേ.. നന്ദി 31
- സെനക്കിൾ തരംഗം 33
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 34

എഡിറ്റോറിയൽ

# നീ എന്റെ പ്രിയപുത്രൻ


ആരാധനക്രമവത്സരത്തിലെ ദനഹാക്കാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. പരസ്യജീവിതത്തിന് ആരംഭം കുറിച്ചുകൊണ്ട് സ്നാപകയോഹന്നാനിൽനിന്നും ഈശോ സ്വീകരിച്ച മാമ്മോദീസായിലൂടെ പിതാവായ ദൈവം സ്വപുത്രനെ ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്തതിനെയാണ് ആരാധനക്രമത്തിൽ *ദനഹാ* (സൂര്യോദയം എന്നർത്ഥം) എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. പാപത്തിന്റെ അന്ധകാരത്തിൽനിന്നും മനുഷ്യവംശത്തെ പ്രകാശമാകുന്ന ദൈവത്തിലേക്ക് ഉയർത്തുവാൻ ഉദിച്ച സൂര്യതേജസ്സായ മിശിഹായുടെ പരസ്യജീവിതം ഈ കാലഘട്ടത്തിൽ നാം പ്രത്യേകമായി അനുസ്മരിക്കുന്നു.

ഈശോയുടെ മാമ്മോദീസാവിവരണം ഇപ്രകാരമാണ്: "ജനം സ്നാനം സ്വീകരിച്ചുകൊണ്ടിരിക്കുമ്പോൾ ഈശോയും വന്ന് സ്നാനമേറ്റു. അവൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെമേൽ ഇറങ്ങിവന്നു. സ്വർഗത്തിൽനിന്ന് ഒരു സ്വരവും ഉണ്ടായി: നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (ലൂക്കാ 3,21-22). മാമ്മോദീസായ്ക്കുശേഷം പരസ്യജീവിതത്തിലുടനീളം പിതാവിന്റെ ഈ സ്വരം കേൾക്കത്തക്കവിധം അവിടുത്തെ കരുണയുടെ മുഖം വെളിപ്പെടുത്തുന്ന ജീവിതമാണ് ഈശോ നയിച്ചത്.

നാമോരോരുത്തരുടെയും മാമ്മോദീസാവേളയിലും 'നീ എന്റെ പ്രിയപുത്രൻ/ പ്രിയപുത്രി; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന പിതാവിന്റെ സ്വരം തീർച്ചയായും ആവർത്തിച്ചിട്ടുണ്ട്. മാമ്മോദീസായിലൂടെ നാം ഓരോരുത്തരും ദൈവമക്കളുടെ പദവിയിലേക്ക് ഉയർത്തപ്പെട്ടു. ഈ സ്വർഗീയസ്വരം ഒരിക്കലും നിലയ്ക്കാത്തവിധമുള്ള ജീവിതം നയിക്കാൻ നമുക്കു കഴിയണം. കുരിശുമരണംവരെയും ദൈവപിതാവിന്റെ ഇഷ്ടം പൂർത്തിയാക്കി അവിടുത്തെ കരുണയുടെ മുഖം വെളിപ്പെടുത്തിയ ഈശോയുടെ മാതൃക പിഞ്ചെന്ന് അനുനിമിഷം ദൈവഹിതം നിറവേറ്റുന്ന ജീവിതം നയിക്കുമ്പോൾ നിലയ്ക്കാത്ത ദൈവപ്രസാദം നമുക്കും അനുഭവവേദ്യമാകും. നമ്മുടെ പ്രാർത്ഥനാനിമിഷങ്ങൾ ദൈവഹിതം തേടുന്ന വിശുദ്ധ സമയമായിത്തീരട്ടെ. ദൈവേഷ്ടമനുസരിച്ചുള്ള നമ്മുടെ ജീവിതത്തിലൂടെ നല്ല തമ്പുരാന്റെ കരുണയുടെ മുഖം നാമുമായി ബന്ധപ്പെടുന്ന എല്ലാവർക്കും വെളിപ്പെടുത്തുവാൻ ഈ പുതിയ വർഷത്തിൽ -കരുണയുടെ വർഷത്തിൽ- നമുക്കു പരിശ്രമിക്കാം.

ഏവർക്കും ദനഹാത്തിരുനാളിന്റെയും പുതുവത്സരത്തിന്റെയും മംഗളാശംസകൾ...

**ചീഫ് എഡിറ്റർ**



# ദനഹാക്കാലം

**ഫാ. തോമസ് തെക്കേമുറി**
സെന്റ് ആന്റണീസ് ചർച്ച്, വഞ്ചിമല

"ഇരുളിൽ മേവിയ ജനതയ്ക്കും
മൃതിയുടെ കൈയ്പു നുകർന്നോർക്കും
ദനഹായിൽ നീ പ്രഭയേകി
മാനവസ്നേഹിതനാം നാഥാ
നിൻ ദനഹായാൽ സുതരിവരും
ശോഭന മോഹനരാകട്ടെ"
(ദനഹാക്കാലം ഖുഥാആ)

**ന**മ്മുടെ ആരാധനക്രമവത്സരത്തിൽ ദനഹാക്കാലത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ഒത്തിരിയേറെ ആത്മീയ - സഭാത്മക ചിന്തകളാൽ സമ്പന്നമാണ് ദനഹാക്കാലം.

ഈശോമിശിഹായുടെ മാമ്മോദീസായും പരിശുദ്ധത്രിത്വത്തിന്റെ വെളിപ്പെടുത്തലും (പ്രത്യക്ഷവത്കരണം) അനുസ്മരിക്കുന്ന ദനഹാത്തിരുനാളിലാണ് ദനഹാക്കാലം ആരംഭിക്കുന്നത്. ജനുവരി 6-ാം തീയതി ആഘോഷിക്കുന്ന ദനഹാത്തിരുന്നാൾ വടക്കൻ കേരളത്തിൽ 'പിണ്ടികുത്തി' പെരുനാളെന്നും തെക്കൻകേരളത്തിൽ 'രാക്കുളി' പെരുനാളെന്നും വിളിക്കപ്പെടുന്നു. 'ലോകത്തിന്റെ പ്രകാശമായ' മിശിഹായെ സ്തുതിച്ചുകൊണ്ട് വാഴപ്പിണ്ടിയിൽ പന്തംകൊളുത്തി അതിനുചുറ്റും പ്രദക്ഷിണം

വച്ചുകൊണ്ട് 'ദൈവം പ്രകാശമാകുന്നു' എന്ന അർത്ഥത്തിൽ "ഏൽ പയ്യ' എന്ന് ആർത്ത് വിളിച്ചിരുന്ന പതിവിൽ നിന്നാണ് പിണ്ടികുത്തിതിരുനാൾ എന്ന് ദനഹാത്തിരുനാൾ അറിയപ്പെട്ടത്. ഈശോയുടെ മാമ്മോദീസായെ സ്മരിച്ചുകൊണ്ട് ഈ തിരുനാളിന്റെ തലേദിവസം നമ്മുടെ പൂർവ്വികർ അടുത്തുള്ള നദിയിലോ കുളത്തിലോ നടത്തിയിരുന്ന ആചാരക്കുളിയിൽ നിന്നാണ് 'രാക്കുളി' എന്ന പേര് ലഭിച്ചത്. മാർത്തോമ്മാ നസ്രാണികളുടെ ഇടയിൽ ആഘോഷിച്ചിരുന്ന ഏറ്റവും പ്രധാപ്പെട്ട തിരുനാളുകളിൽ ഒന്നായിരുന്നു ദനഹാ. ഈ ദിവസത്തിലും ഉയിർപ്പ് തിരുനാളിനോടനുബന്ധിച്ചും മാത്രമാണ് നമ്മുടെ സഭയിൽ മാമ്മോദീസാ നല്കിയിരുന്നത് എന്നതും ശ്രദ്ധേയമാണ്.



ഈശോമിശിഹായുടെ മാമ്മോദീസാ അനുസ്മരിച്ചുകൊണ്ട് ആരംഭിക്കുന്ന ദനഹാക്കാലത്തിലെ വെള്ളിയാഴ്ച വരെ പ്രത്യേകമാംവിധം നാം വിശുദ്ധരെയാണ് അനുസ്മരിക്കുന്നത്. ആദ്യത്തെ വെള്ളിയാഴ്ച മിശിഹായ്ക്ക് വഴിയൊരുക്കിയ വി. സ്നാപകയോഹന്നാനെ അനുസ്മരിക്കുന്നു. രണ്ടാം വെള്ളിയാഴ്ച സഭയുടെ നെടുംതൂണുകൾ എന്ന് അറിയപ്പെടുന്ന വി.പത്രോസ് - പൗലോ സ് ശ്ലീഹൻമാരുടെ തിരുനാൾ ആഘോഷിക്കുന്നു. മൂന്നാം വെള്ളിയാഴ്ച ഈശോമിശിഹായുടെ സുവിശേഷം

ലിഖിതരൂപത്തിൽ നമുക്കു നല്കിയ സുവിശേഷകൻമാരെയാണ് അനുസ്മരിക്കുന്നത്. ആദ്യ രക്തസാക്ഷിയായിത്തീർന്ന വി. എസ്തപ്പാനോസിന്റെ തിരുനാളാണ് നാലാം വെള്ളിയാഴ്ച. തുടർന്ന് ആഴ്ചകളുടെ എണ്ണമനുസരിച്ച് ഗ്രീക്കുസഭാപിതാക്കാൻമാരുടെയും സുറിയാനി സഭാപിതാക്കൻമാരുടെയും ഇടവകമദ്ധ്യ


സ്ഥന്റെയും തിരുനാളുകൾ ആഘോഷിക്കപ്പെടുന്നു. ദനഹാക്കാലത്തിലെ വെള്ളിയാഴ്ചകളുടെ എണ്ണത്തിൽ വിവിധ വർഷങ്ങളിൽ വ്യത്യാസങ്ങൾ ഉണ്ടാവാം. ഇപ്രകാരം ആഴ്ചകളുടെ എണ്ണത്തിൽ കുറവ് വന്നാൽ പല തിരുനാളുകൾ ഒരുമിച്ച് ദനഹാക്കാലത്തെ അവസാനത്തേതിന്റെ മുമ്പിലത്തെ വെള്ളിയാഴ്ച അനുസ്മരിക്കുന്നു. ഉദാഹരണമായി ഈ വർഷം (2016) 5 ആഴ്ചകൾ മാത്രമാണ് ദനഹാക്കാലത്ത് ഉള്ളത്. അതിനാൽ 4-ാം വെള്ളിയാഴ്ച മുമ്പ് സൂചിപ്പിച്ച 4 തിരുനാളുകളും (വി.എസ്തപ്പാനോസ്, ഗ്രീക്കുസഭാപിതക്കന്മാർ, സുറിയാനി സഭാപിതാക്കാന്മാർ, ഇടവക മദ്ധ്യസ്ഥൻ) ഒരുമിച്ചാണ് ആഘോഷിക്കുന്നത്.



എന്നാൽ ആഴ്ചകളുടെ എണ്ണം എത്രയായിരുന്നാലും ദനഹാക്കാലത്തെ അവസാനത്തെ വെള്ളിയാഴ്ചയാണ് നമ്മുടെ സഭയിൽ സകല മരിച്ചവരുടെയും തിരുനാൾ അല്ലെങ്കിൽ ഓർമ്മ നാം അനുസ്മരിക്കുന്നത്. ഇത് നമ്മുടെ സവിശേഷ ശ്രദ്ധ ആകർഷിക്കേണ്ട ഒരു കാര്യമാണ്. വെളിപ്പെടുത്തപ്പെട്ട ത്രിത്വരഹസ്യത്തെ, മിശിഹായുടെ രക്ഷാകരപദ്ധതിയെ, തങ്ങളുടെ ജീവിതത്തിലൂടെ സാക്ഷ്യപ്പെടുത്തിയ വിശുദ്ധാത്മാക്കളെ അനുസ്മരിച്ചതിനുശേഷം അവസാനത്തെ വെള്ളിയാഴ്ച സകലമരിച്ചവരെയും അനുസ്മരിക്കുന്നതിലൂടെ ത്രിത്വത്തിന്റെ നാമത്തിൽ മാമ്മോദീസാ സ്വീകരിച്ച് സഭയിൽ ജനിക്കുന്ന ഓരോ വ്യക്തിയും വി. കൂദാശകളുടെ സ്വീകരണത്താൽ ആത്മീയമായി പരിപോഷിപ്പിക്കപ്പെട്ടും സഭാത്മക ജീവതത്തിലൂടെയും വിശുദ്ധരായി തീരുന്നുവെന്ന കാഴ്ചപ്പാടാണ് സഭാമാതാവ് നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. മാമ്മോദീസായിലൂടെ ആരംഭിക്കുന്ന നമ്മുടെ ആത്മീയജീവിതം ഇടവക കേന്ദ്രീകൃതമായ അദ്ധ്യാത്മികതയിലൂടെ പരിപുഷ്ടിപ്പെടുത്തുവാനും ഇടവക ദൈവാലയത്തിന്റെ പരിശുദ്ധ മദ്ബഹായിലെ വി.ബലിപീഠത്തിൽ നിന്നും ഉയരുന്ന അനുഗ്രഹങ്ങളാൽ സമ്പുഷ്ടമാക്കുവാനും ദനഹാക്കാലം നമ്മെ ആഹ്വാനം ചെയ്യുന്നു.

ഓരോ ക്രൈസ്തവവിശ്വാസിയും ഈശോമിശിഹായെയും അവിടുത്തെ വിശുദ്ധിയുടെ പരിമളം ഈ ഭൂമിയിലെങ്ങും പരിലസിപ്പിച്ച വിശുദ്ധരെയും അനുകരിച്ചുകൊണ്ടും, നാം സ്വീകരിച്ച മാമ്മോദീസായെയും ഇതര കൂദാശകളെയും അതിലൂടെ നമുക്കു ലഭിച്ചിരിക്കുന്ന അനുഗ്രഹങ്ങളെയും നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന കടമകളെയും കുറിച്ച് ആഴത്തിൽ ധ്യാനിച്ചുകൊണ്ടും സഭാത്മകവും ആരാധനക്രമാധിഷ്ഠിതവും ഇടവകകേന്ദ്രീകൃതവുമായ ഒരു ജീവിതം നയിക്കാൻ പരിശ്രമിക്കേണ്ട കാലഘട്ടമാണ് ദനഹാക്കാലം.

തന്റെ മരണത്തിന് തൊട്ടുമുമ്പ് "തിരുക്കുടുംബത്തിന്റെ അനുഗ്രഹത്താൽ മാമ്മോദീസായിൽ കിട്ടിയ ദൈവേഷ്ടപ്രസാദം കാത്തു സൂക്ഷിക്കാൻ സാധിച്ചു" വെന്ന വി.ചാവറയച്ചന്റെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് വിശുദ്ധിയിൽ ഉത്തരോത്തരം വളരുവാൻ ദനഹാക്കാലത്തിലെ പ്രാർത്ഥനകളും ധ്യാനങ്ങളും നമ്മെ സഹായിക്കട്ടെ.




# ദിവ്യകാരുണ്യജീവിതം

മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ

സെനക്കിളിൽ ഈശോ തന്റെ അരുമശിഷ്യന്മാർക്കും താൻ ജീവനുതുല്യം സ്നേഹിച്ച മനുഷ്യർക്കും നല്കിയ അതുല്യമായ സമ്മാനമാണ് പരിശുദ്ധ കുർബാന അഥവാ ദിവ്യകാരുണ്യം. ദൈവപിതാവിന്റെ കരുണാർദ്രമായ സ്നേഹത്തിന്റെ മുഖവുമായി ലോകത്തിലേക്കു വന്ന ഈശോ തന്റെ ജീവിതബലിയുടെ നിത്യസ്മാരകമായി സ്ഥാപിച്ച കൂദാശയാണ് പരിശുദ്ധ കുർബാന. "പിന്നെ അവൻ



അപ്പമെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത്, മുറിച്ച്, അവർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: ഇതു നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാണ്. എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" (ലൂക്കാ 22,19). പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ജീവിതമാണ് ക്രൈസ്തവജീവിതവും ക്രൈസ്തവ ആദ്ധ്യാത്മികതയും.

### നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന ശരീരം

പരിശുദ്ധ കുർബാനയിൽ ഈശോ തന്റെ ശരീരരക്തങ്ങൾ ഭക്ഷണപാനീയങ്ങളായി നമുക്കു നൽകുന്നു. അവിടുന്നു പറഞ്ഞു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു ജീവൻ ഉണ്ടായിരിക്കുകയില്ല" (യോഹ 6,53). ശരീരമെന്നു പറഞ്ഞാൽ ഈ ലോകജീവിതമെന്നാണ് അർത്ഥം. ഭാര്യാഭർത്താക്കന്മാരെക്കുറിച്ച് പറയുമ്പോൾ ഈശോ ഈ അർത്ഥത്തിൽ 'ശരീരം' എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്: "ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിടുകയും അവർ ഇരുവരും ഒരു ശരീരമായിത്തീരുകയും ചെയ്യും. പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റശരീരമായിരിക്കും'' (മർക്കോ 10,7-8). ഭാര്യാഭർത്താക്കന്മാർക്ക് രണ്ടു ഭൗതികശരീരങ്ങൾ ഉണ്ടെങ്കിലും ഒരു ജീവിതം മാത്രം ഉണ്ടായാലെന്നതുപോലെ എല്ലാം പങ്കുവച്ച് ജീവിക്കണം എന്നാണല്ലോ അത് അർത്ഥമാക്കുന്നത്. ഈശോയുടെ ഈലോകജീവിത സമർപ്പണമായിരുന്നു അവിടുത്തെ ബലിയർപ്പണം. "ഇതിനാൽ, അവൻ ലോകത്തിലേക്കു പ്രവേശിച്ചപ്പോൾ ഇങ്ങനെ അരുളിച്ചെയ്തു: ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ, അവിടുന്ന് എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു. ഞാൻ പറഞ്ഞു: ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ ഞാൻ വന്നിരിക്കുന്നു. ആഹിതമനുസരിച്ച് ഈശോമിശിഹായുടെ ശരീരം എന്നേക്കുമായി ഒരിക്കൽ സമർപ്പിക്കപ്പെട്ടതുവഴി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു'' (ഹെബ്രാ 10,5-10), ദൈവഹിതപ്രകാരം ഈശോ ഈലോകത്തിൽ പൂർത്തിയാക്കിയ ജീവിതസമർപ്പണമായിരുന്നു അവിടുത്തെ ബലിയർപ്പണം അഥവാ അവിടുത്തെ ശരീരം. ഈ ശരീരമാണ് പരിശുദ്ധ കുർബാനയിൽ അവിടുന്ന് നമുക്ക് ഭക്ഷണമായി നല്കുന്നത്.

### ദൈവത്തിന്റെ കരുണയുടെ മുഖം വെളിപ്പെടുത്തുന്ന ജീവിതം

ദൈവം തന്റെ പുത്രനെ ഈ ലോകത്തിലേക്കു യാത്രയാക്കിയത് അവിടുത്തെ കരുണാർദ്രമായ സ്നേഹത്തിന്റെ മുഖം ലോകത്തിനു വെളിപ്പെടുത്തുവാൻ വേണ്ടിയാണ്. ''അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16). ലോകത്തോടുള്ള അഥവാ മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്തുകയും ആ സ്നേഹത്തിലേക്ക് തിരിഞ്ഞു ജീവിക്കുവാൻ മനുഷ്യനെ ആഹ്വാനം ചെയ്യുകയും ചെയ്യുവാനാണ് ദൈവം ഈശോയെ ലോകത്തിലേക്ക് അയച്ചത്. ഈശോയുടെ ജീവിതവും വാക്കുകളും പ്രവൃത്തികളുമെല്ലാം ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹത്തിന്റെ സ്പർശനങ്ങളായിരുന്നു. അവസാനം കുരിശിൽ ഉയർത്തപ്പെട്ട ഈശോയുടെ ജീവിതം ഈ സ്നേഹത്തിന്റെ വെളിപ്പെടുത്തലിന്റെ പൂർത്തീകരണമായിരു





ന്നു. "സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം ഇല്ല" (യോഹ 15,13). ഇപ്രകാരം ദൈവത്തിന്റെ കരുണയുടെ മുഖം ലോകത്തിനുവെളിപ്പെടുത്തിയ അവിടുത്തെ ദിവ്യകാരുണ്യജീവിതം തന്നെയാണ് തന്റെ ശരീരമായും നമ്മുടെ ഭക്ഷണമായും പരിശുദ്ധ കുർബാനയിൽ ഈശോ നല്കുന്നത്.

**അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന രക്തം**

സെനക്കിളിൽ ഈശോ "പാനപാത്രമെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്തു: അവർക്ക് കൊടുത്തുകൊണ്ട് പറഞ്ഞു: നിങ്ങളെല്ലാവരും ഇതിൽനിന്നു പാനം ചെയ്യുവിൻ. ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്" (മത്താ 26,27-28). രക്തം പൂർണ്ണമായും ശരീരത്തിൽനിന്നും വാർന്നുപോയാൽ മരണം നിശ്ചയമാണ്. ശരീരത്തിൽ നിന്നും വ്യതിരിക്തമായി തന്റെ രക്തവും പരിശുദ്ധകുർബാനയിൽ ഈശോ നല്കിയത് തന്റെ മരണത്തെ പ്രത്യേകം അനുസ്മരിപ്പിക്കുവാനാണ്. ദൈവഹിതപ്രകാരം ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹം വെളിപ്പെടുത്തിയ തന്റെ ജീവിതത്തിന്റെ പൂർത്തീകരണമാണല്ലോ ഈശോയുടെ മരണം. ശരീരവും രക്തവും വേർപെടുത്തി പരിശുദ്ധ കുർബാന സ്ഥാപിച്ചുകൊണ്ട് തന്റെ മരണത്തിന് അവിടുന്ന് ഊന്നൽ നൽകുകയാണ്." "നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം, അവന്റെ പ്രത്യാഗമനം വരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്." (1 കൊറി 11,26). ഇപ്രകാരം ദൈവഹിതപ്രകാരം മരണത്തോളം ദൈവത്തിന്റെ കരുണ ലോകത്തിനു വെളിപ്പെടുത്തിയ തന്റെ ജീവിത ബലിയർപ്പണമാണ് പരിശുദ്ധ കുർബാനയായി ഈശോ സെനക്കിളിൽ നമുക്ക് നല്കിയത്. അതുകൊണ്ടുതന്നെയാണ് പരിശുദ്ധ കുർബാന ദിവ്യകാരുണ്യം എന്നു വിശേഷിപ്പിക്കപ്പെടുന്നതും.

**ബലിയർപ്പണജീവിതം**

"എന്റെ ഓർമ്മയ്ക്കായി ഇതുചെയ്യുവിൻ" (ലൂക്കാ 22,19) എന്ന കല്പനാനുസൃതം ഇന്ന് ഈ ബലി കൗദാശികമായി അൾത്താരകളിൽ അർപ്പിക്കപ്പെടുമ്പോൾ അതിൽ സംബന്ധിക്കുന്ന നാമും ഈശോയോടു ചേർന്ന് ബലിയർപ്പണജീവിതം നയിക്കുവാൻ ക്ഷണിക്കപ്പെടുകയാണ്. "ഇതെന്റെ ശരീരമാകുന്നു." എന്ന് ഈശോ പറയുമ്പോൾ "ഇതാ എന്റെ ശരീരവും" എന്ന് പറയുവാൻ തക്കവിധമുള്ള ഒരു ജീവിതം നാം നയിക്കണം. പിതാവായ ദൈവത്തിന്റെ ഹിതപ്രകാരം അവിടുത്തെ കരുണ വെളിപ്പെടുത്തുന്ന ഒരു ജീവിതം നയിക്കുവാൻ നാം തയ്യാറാകണം. അതുപോലെ തന്നെ "ഇതെന്റെ രക്തമാകുന്നു" എന്ന് ഈശോ പറയുമ്പോൾ "ഇതാ എന്റെ രക്തവും" എന്നുപറയുവാൻ തക്കവിധം ഒരു ജീവിതം നാം ജീവിക്കണം. മരണത്തിലേക്കു നമ്മെ നയിക്കുന്ന രോഗങ്ങളും സഹനങ്ങളും ദൈവഹിതപ്രകാരം, സ്നേഹത്തിൽ നിന്നും വ്യതിചലിക്കാതെ നേരിടുവാൻ നമുക്ക് കഴിയണം. ഇപ്രകാരമുള്ള ഒരു ജീവിതത്തെ ദിവ്യകാരുണ്യജീവിതം എന്നു വിശേഷിപ്പിക്കാം. പരിശുദ്ധ കുർബ്ബാനയിൽ കേന്ദ്രീകൃതമായി ഒരു ദിവ്യകാരുണ്യ ജീവിതം നയിക്കുവാൻ സെനക്കിൾ ആദ്ധ്യാത്മികത നമുക്ക് പ്രചോദനമാകട്ടെ!



# ഒരിറ്റു കരുണ

**മങ്ങാടൻ**

പരസ്പര ധാരണയുള്ള സ്നേഹം ജീവിക്കുന്ന ദമ്പതികളായിരുന്നു മനുവും മിനിയും. അവരുടെയിടയിൽ ശക്തമായ സ്ഫോടനങ്ങൾ തുടങ്ങിയപ്പോഴാണ് സംസാരിക്കാനായി കടന്നുവന്നത്. പ്രശ്നങ്ങൾ ഒന്നൊന്നായി വിവരിച്ചുതുടങ്ങിയത് മിനിയാണ്.... ശബ്ദം ഉയർന്ന് വികാരവിവശയായി, നിലവിളിയുടെ വക്കോളമെത്തിയപ്പോൾ മനു സംസാരം ഏറ്റെടുത്തു. ഞാനിന്നുവരെ ഇവളോടോ ഇവളുടെ മാതാപിതാക്കളോടോ എന്റെ മാതാപിതാക്കളോടോ പറയാത്ത ഒരു വിഷയം പറയാം. പറയാതിരുന്നതിന്റെ കാരണവും വേറൊന്നല്ല. ഇതുമൂലം ഇവൾ മുറിയപ്പെടരുതെന്ന് ഞാനാശിച്ചു. എന്റെ സുഹൃത്തിനോടുള്ള ഇവളുടെ അതിരുവിട്ട അടുപ്പംമൂലം സുഹൃത്തിന്റെ ഭാര്യ ആത്മഹത്യക്കു ശ്രമിച്ചു. മിനിക്ക് ഈ വസ്തുത നിഷേധിക്കാനാവില്ല. ഇന്നുവരെ ഞാനീക്കാര്യത്തെക്കുറിച്ച് അവളോട് ശണ്ഠ കൂടിയിട്ടില്ല. പക്ഷേ സാഹചര്യങ്ങളെ ഞങ്ങൾ രണ്ടാളും അറിഞ്ഞ് ഒഴിവാക്കു




വാൻ സ്ഥലം മാറുകയായിരുന്നു. അതേസമയം ഞങ്ങളുടെയിടയിലെ ഇപ്പോഴത്തെ വലിയ പ്രശ്നത്തിനു കാരണം ഒരു തെറ്റുധാരണ മാത്ര മാണ്. ഓഫീസിലെ സാമ്പത്തിക ക്രമക്കേടിൽ ഞാനും പങ്കാളിയാണ് എന്ന പ്രചാരണം. പക്ഷേ അവൾക്കറിയാം ഞാൻ നിരപരാധിയാ ണെന്നുള്ളത്. എന്നിട്ടും പുറത്തുള്ളവരും അവ ളുടെ ഓഫീസിലുള്ളവരും അവളെ പുച്ഛ ത്തോടെ നോക്കുന്നു, ആക്ഷേപിക്കുന്നു എന്ന താണവളുടെ പ്രശ്നം. മിനിമൂലമുണ്ടായ പ്രശ്ന ത്തിന്റെ നേർക്ക് ഞാനെടുത്ത നിലപാടിന്റെ ഒരിറ്റ് എന്റെ നേർക്കവൾക്ക് പുലർത്താൻ പാടി ല്ലേ... മനു പറഞ്ഞുനിർത്തി....

മറ്റുള്ളവരുടെ കാരുണ്യത്തിന്റെ ഇത്തിരി വറ്റുകൊണ്ട് ജീവിതത്തിൽ ചെളിപുരളാതെ കര കയറിയവരാണല്ലോ വലിയ കല്ലുകൾ കരങ്ങ ളിലെടുത്തിരിക്കുന്നത് എന്നതാണ് വലിയ സങ്കടം. കുറവുകളുടെ മേൽ മുഖംമൂടിയ ണിഞ്ഞ് നിസ്സഹായരെ കല്ലെറിയുന്നവരാണോ നീയും ഞാനും? പറുദീസായിൽ ദൈവത്തെ ജീവിതത്തിൽ നിന്നും പടിയിറക്കിവിട്ടവരുടെ അടുത്തേക്ക് ഒരു പരിഭവവും കൂടാതെയാണ് ദൈവം കടന്നുവരിക. ''ആദം നീയെ വിടെയാണ്?" വാത്സല്യനിറവോടെ, കുറവു ഭവിച്ചവനിലേക്കു അടുത്തുവരുന്നു ദൈവം.

ഒരേ ഉദരത്തിൽ ജന്മം കൊണ്ടവരെന്നെ പോലെ ജീവിതവഴികളിൽ വ്യാപരിക്കേണ്ട നീ നിസാരതെറ്റിന്റെ പേരിൽ കൽക്കൂമ്പാരം കര ങ്ങളിൽ വഹിച്ച് പിറകേ നടന്നെറിയുന്ന വനാണോ? പക്ഷികളാൽ കൊത്തിവലിക്കപ്പെ ടാൻ കഴുമരത്തിലേറ്റുന്ന കാടത്തം നിറഞ്ഞ രീതിയുടെ മറുമുഖമല്ലേ നമ്മുടെയിടങ്ങളിൽ കുറ്റാരോപിതർക്കുനേരെ നാമും പുലർത്തു ന്നത്! കടം ഇളച്ചു കിട്ടിയവന്റെ നടപടിതന്നെ (മത്താ 18,21-35)!

എന്തേ കരുണയുടെ മുഖം നമ്മുടെ കുടുംബങ്ങളിൽ നിന്നും അപ്രത്യക്ഷമാകുന്നു? എന്തേ കാരുണ്യം നിറഞ്ഞ സ്നേഹം ചൊരി യേണ്ട നമ്മുടെ ഹൃദയങ്ങളിലെ സ്നേഹം ഉറ ഞ്ഞുപോകുന്നു?

കരുണയുടെ വർഷത്തിൽ ഫ്രാൻസിസ് പാപ്പാ കരുണയുടെ മുഖം ധ്യാനിക്കുവാൻ നമ്മെ ഓർമ്മിപ്പിക്കുമ്പോൾ നാടെങ്ങും ഓടി നടന്ന് കരുണയുടെ കരം നീട്ടേണ്ട കാര്യമില്ല. എന്റെ ഭവനത്തിൽ എന്റെ ഉത്തരവാദിത്വത്തിൻ കീഴിലുള്ളവരോട് ഇത്തിരി കരുണയോടെ പെരുമാറാൻ, കുടുംബത്തിലെ തിരുശേഷിപ്പു കളായ പ്രായമായ മാതാപിതാക്കളോട് കാരു ണ്യത്തോടും സ്നേഹത്തോടും കൂടി വർത്തി ക്കുവാൻ, ഞാൻ കാരണം ഒരാളും മുറിയപ്പെ ടാതിരിക്കുവാൻ മറ്റൊരാളാൽ മുറിയപ്പെടുന്ന വനെ നിത്യവ്രണബാധിതനാക്കാതെ സുഖപ്പെ ടുത്തുവാൻ, ആരുമറിയാതെ സഹജന്റെ പോരാ യ്മകളെ പോക്കാനാകുമ്പോൾ നാം ദൈവത്തിന്റെ കരുണയിൽ പങ്കുകാരാവുകയാ ണ്. നിലത്തെഴുതിക്കൊണ്ടിരുന്ന ഈശോയെ പ്പോലെ....

ഞാനും നിന്നെ വിധിക്കുന്നില്ല എന്ന് അവളോടു മന്ത്രിച്ചവനെപ്പോലെ.

സഹജരോടു കരുണകാട്ടാതെ നാടെങ്ങും കരുണപൊഴിക്കാൻ ഉദ്യമിക്കുന്ന വരെ നോക്കി അവൻ പറയും. 'ദുഷ്ടനായ സേവകാ' നീ എന്നോടു കേണപേക്ഷിച്ചതു കൊണ്ട് നിന്റെ കടമെല്ലാം ഞാൻ ഇളച്ചുതന്നു. ഞാൻ നിന്നോട് കരുണ കാണിച്ചതുപോലെ നീയും നിന്റെ സഹസേവകരോട് കരുണ കാണിക്കേണ്ടതായിരുന്നില്ലേ".... (മത്താ 18,32).



# കാരുണ്യത്തിന്റെ മുഖം

**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
റെക്ടർ, മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി

കാരുണ്യത്തിന്റെ വിശുദ്ധ ജൂബിലിവർഷം ആചരിക്കുമ്പോൾ ദൈവത്തിന്റെ അനന്തമായ കാരുണ്യം എന്ന രഹസ്യത്തെ നാം നിരന്തരമായി ധ്യാനിക്കേണ്ടതുണ്ട്. മനുഷ്യനോടുള്ള ദൈവത്തിന്റെ അനന്തമായ കാരുണ്യമാണല്ലോ മനുഷ്യാവതാരത്തിൽ പ്രകടമായത്. ദൈവപിതാവിന്റെ കരുണയുടെ പ്രവാഹമാണ് ഈശോയുടെ ഇഹലോകജീവിതത്തിൽ വെളിപ്പെടുത്തപ്പെട്ടത്. ഈശോയുടെ ജീവിതത്തിൽ പ്രകടമായ ദൈവകാരുണ്യം സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞ് അത് മറ്റുള്ളവർക്കു അനുഭവവേദ്യമാക്കാൻ നമുക്കു കഴിയണം.




'സ്വർഗസ്ഥനായ പിതാവ് കരുണയുള്ള വനായിരിക്കുന്നതുപോലെ' കരുണയുള്ളവരാ യിരിക്കുവാൻ ക്ഷണിക്കപ്പെട്ടവരുടെ സമൂഹ മാണ് സഭ. ഏഴുപ്രാവശ്യമല്ല, ഏഴു വീതം എഴു പതു തവണ ക്ഷമിക്കുവാനും ദൈവം കരുണ കാട്ടിയതുപോലെ കരുണ കാട്ടുവാനും കടപ്പെ ട്ടവരാണ് ക്രിസ്തുശിഷ്യർ. സഭാതനയർ വിധി ക്കപ്പെടുന്നത് ചെയ്ത തെറ്റുകളെപ്രതി എന്നതി നെക്കാൾ ചെയ്യാതിരുന്ന കാരുണ്യപ്രവർത്തി കളെപ്രതിയാണ് എന്ന് വിശുദ്ധ മത്തായി ശ്ലീഹാ വിവരിക്കുന്ന അന്ത്യവിധിയുടെ ചിത്രം വ്യക്തമാക്കുന്നു.

മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ മാറോടു ചേർന്നിരുന്ന് അവിടുത്തെ ഹൃദയമിടിപ്പു കൾ ഏറ്റുവാങ്ങാൻ ഭാഗ്യം സിദ്ധിച്ച യോഹന്നാൻ ശ്ലീഹാ ദൈവം സ്നേഹമാകുന്നു എന്ന് നമ്മെ പഠി പ്പിക്കുന്നു. ഇതു പറയുന്നതിന്റെ പിന്നിലെ ആധി കാരികത എന്തെന്ന് ശ്ലീഹാ തന്റെ ലേഖനത്തിൽ വ്യക്തമാക്കുന്നുമുണ്ട്: "ഞങ്ങൾ കേട്ടതും കണ്ണു കൾകൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചന മാണത്" (1 യോഹ 1,1-2)

എന്താണ് ശ്ലീഹന്മാർ കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും എന്ന് ഈശോയുടെ തന്നെ വാക്കു കൾ വ്യക്തമാക്കുന്നു: "കുരുടന്മാർ കാണുന്നു, മുട ന്തന്മാർ നടക്കുന്നു, കുഷ്ഠരോഗികൾ സുഖപ്പെ ടുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർപ്പി ക്കപ്പെടുന്നു; ദരിദ്രരോടു സുവിശേഷം പ്രസംഗിക്ക പ്പെടുന്നു" (ലൂക്കാ 7,22). പാർശ്വവത്കരിക്കപ്പെ ട്ടവർക്കായി സ്വന്തം പാർശ്വം പിളർന്നവനും, പുറം പോക്കുകളിൽ കഴിഞ്ഞ കുരുടന്റെയും മറ്റുള്ളവർ പുറംതള്ളിയവന്റെയും മുൻപിൽ താൻ എന്തു ചെയ്തു തരണം എന്നു ചോദിച്ച് സ്വയം ശുശ്രൂഷ കനായവനുമാണ് അവിടുന്ന്. മുഖ്യധാരയിൽ നടന്നുനീങ്ങാൻ കഴിയാത്ത മുടന്തന് കുഞ്ഞാ ടിനെ തോളിലേറ്റി നടക്കുന്ന ഇടയനെപ്പോലെ വർത്തിച്ചവനും തൊട്ടുകൂടാത്തവരും തൊട്ടാൽ അത് അറിയാൻ കഴിയാത്തവിധം കുഷ്ഠം ബാധി ച്ചവരുമായവരെ തൊട്ടു സുഖപ്പെടുത്തിയവനുമാ ണവിടുന്ന്.

സമൂഹത്തിൽ നിവർന്നു നിൽക്കാൻ കഴി യാത്ത കൂനിയായ സ്ത്രീയെ നിവർത്തിനിർ ത്താൻ അവിടുന്ന് സാബത്ത് ലംഘിച്ചു. ജീവൻ നഷ്ടമായവർക്കവിടുന്നു പുതുജീവനേകി. ജന ത്തോടൊപ്പംനിന്ന് തന്നെ കാണാൻ കഴിയാത്ത അവസ്ഥയിൽ ഒറ്റപ്പെട്ട് ഓടിയലഞ്ഞ് മരച്ചില്ലക ളിൽക്കിടയിൽ മറഞ്ഞിരുന്ന ചുങ്കക്കാരന്റെ ഭവന ത്തിൽ സമൂഹത്തിന്റെ വിമർശനം വിലമതിക്കാതെ വസിക്കാൻ തയ്യാറായാവനാണവിടുന്ന്. മനുഷ്യാ വതാരം ചെയ്ത ദൈവപുത്രനായ ലോകരക്ഷ കന്റെ ഈ കരുണാർദ്ര സ്നേഹത്തിന്റെ പ്രവർത്തികളാണ് ശ്ലീഹന്മാർ കണ്ടതും കേട്ടതും.

ഈശോയുടെ കരുണ അവസാനിക്കുന്നില്ല... വിധവയുടെ മകന്റെ മരണത്തിൽ അവളോട് മന സ്സലിവു തോന്നിയതിനാൽ മകനെ ഉയിർപ്പിച്ചു. വിശന്നു വലഞ്ഞ ഇടയനില്ലാത്ത ആടുകളോട് അലിവു തോന്നിയതിനാൽ അവർക്കായി അപ്പം വർദ്ധിപ്പിച്ചു നൽകി. ലാസറിനെ ഉയിർപ്പിക്കാനായി എത്തിയെങ്കിലും ചുറ്റും കൂടിനിന്നവരുടെയും കുടും ബാംഗങ്ങളുടെയും ദുഃഖം കണ്ട് അവരോടൊപ്പം കണ്ണീർ പൊഴിച്ചു. ഇപ്രകാരം കരയുന്നവരോടു കൂടെ കരയുന്ന കരുണയുടെ ഒരു ദൈവമുഖം സുവിശേഷത്തിൽ മാത്രമെ നാം കാണൂ.

ശക്തരും സംഹാരദൂതരും പ്രതിയോഗികളെ ഉന്മൂലനം ചെയ്യുന്നവരും മുഖം നോക്കാതെ നീതി നിർവഹിക്കുന്നവരുമായ ദൈവങ്ങളുടെ ചിത്രങ്ങൾ പലയിടത്തും കണ്ടേക്കാം. കുറ്റങ്ങൾക്കു മാപ്പു നൽകുന്നതിനെക്കാൾ കുറ്റവാളികളെയും അവ രുടെ കൂട്ടാളികളെയും ശിക്ഷിക്കുന്ന ദൈവത്തെ തേടുന്നവരെ എസക്കിയേൽ പ്രവാചകൻ അവത രിപ്പിക്കുന്നുണ്ട്. പാപികളുടെ മാനസാന്തരം നോക്കി പാർത്തിരിക്കുന്ന, അതിനായി യൂദാസിനെന്ന പോലെ ആവർത്തിച്ച് അവസരം ഒരുക്കുന്ന ദൈവം മനുഷ്യസങ്കല്പങ്ങൾക്ക് അതീതനാണ്. പല പ്പോഴും മനുഷ്യൻ ഇഷ്ടപ്പെടുന്നത് പരാജയപ്പെ ടാത്ത, വിജയിക്കുക മാത്രം ചെയ്യുന്ന, ശക്തനായ ദൈവത്തെയാണ്. എന്നാൽ കരയുന്നവരോടൊപ്പം കരയുവാൻ തക്കവിധം മനസ്സലിയുന്ന, പാപി കൾക്കുവേണ്ടി ജീവൻ നൽകുന്ന, സാബത്തു ലംഘിച്ചവരെപ്പോലും അവരുടെ വിശപ്പിനെ പ്രതി ന്യായീകരിക്കുന്ന ഒരു ദൈവമാണ് നമുക്കുള്ളത്.



നൽകിയതെല്ലാം നഷ്ടപ്പെടുത്തി, കീറിപ്പറിഞ്ഞ വസ്ത്രങ്ങളും ധൂർത്തനായി നടന്നു തേഞ്ഞുതീർന്ന പാദരക്ഷകളും അണിഞ്ഞ് പന്നിക്കൂടിന്റെ ദുർഗന്ധവുമായി തിരിച്ചെത്തിയവനെ മാറോടു ചേർത്തു നിർത്തിയവനാണ് നമ്മുടെ ദൈവം. സ്വന്തം പരിശുദ്ധിയുടെ പരിമളത്തിൽ അവന്റെ ദുർഗന്ധം മാറ്റി താൻ ഉരിഞ്ഞു വച്ച വസ്ത്രത്തിന്റെ മഹത്ത്വത്താൽ അവിടുന്ന് അവന്റെ നഗ്നത മറച്ചു. പുത്രവാത്സല്യത്തിൽ പൊട്ടിക്കീറിയ നെഞ്ചിൽ നിന്നും ഒഴുകിയ ജലരക്തങ്ങളാൽ അവനെ ശുദ്ധീകരിച്ചു. സ്വയം മുറിച്ചു വിളമ്പിയ വിരുന്നിലേക്ക് അവനെ നയിച്ചു. ധൂർത്തനെ അവന്റെ ആദ്യപുത്രത്വത്തിന്റെ മഹത്വത്തിലേക്ക് ഉപാധികളില്ലാതെ സ്വീകരിച്ചു. പിതാവിന്റെ കരുണാർദ്ര സ്നേഹത്തെ തള്ളിപ്പറഞ്ഞ് കോപിഷ്ഠനായി പുറത്തു നിന്നവന്റെ അടുക്കലേയ്ക്കു ചെന്ന് സാന്ത്വനം പറയുന്ന ദൈവം. ഇതാണ് കരുണയുടെ മുഖം.

പുത്രൻ തമ്പുരാൻ കരുണയുള്ളവനായത് അവിടുത്തെ പിതാവായ ദൈവവും കരുണയുള്ളവനായതിനാലാണ്. പിതാവായ ദൈവം സ്വയം വെളിപ്പെടുത്തിക്കൊണ്ട് നമ്മോടു പറയുന്നു: "കർത്താവ് കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ, തെറ്റുകളും കുറ്റങ്ങളും പാപങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോട് കരുണ കാണിക്കുന്നവൻ" (നിയ 34,6).

ദൈവത്തിന്റെ കരുണ പാപത്തെ ന്യായീകരിക്കുന്ന സ്നേഹമല്ല. പാപികളെ മാനസാന്തരത്തിലേക്ക്, തിരിച്ചുവരവിലേക്ക് ക്ഷണിക്കുന്ന, അതിനായി വഴിയൊരുക്കുന്ന സ്നേഹമാണ്. ഏശയ്യാ പ്രവാചകന്റെ ഗ്രന്ഥത്തിന്റെ ഒന്നാം അദ്ധ്യായം ഇത് മനോഹരമായി വിവരിക്കുന്നു. തന്നെ വിട്ടകന്ന ജനത്തെ കാളയോടും കഴുതയോടും ഉപമിച്ച് ലോകത്തോട് വിലാപം നടത്തുന്ന ഒരു ദൈവമുഖം അവിടെ കാണാം (1,2-3).

തുടർന്ന് ജനത്തിന്റെ പാപകാഠിന്യത്തെ തുറന്നു കാട്ടുന്ന ദൈവം, അവരുടെ പ്രാർത്ഥനകൾക്ക് ഉത്തരമരുളുകയില്ലെന്നും വിളിച്ചാൽ മുഖം തിരിക്കുകയില്ലെന്നും പറയുന്നു. അവരുടെ ആരാധനകളും ബലികളും തിരുനാളുകളും ആഘോഷങ്ങളും തനിക്ക് അരോചകങ്ങളാണെന്നും അവരുടെ കരങ്ങൾ രക്തപങ്കിലമാണെന്നും ദൈവം പറയുന്നതായി തിരുവചനം വിവരിക്കുന്നു. എന്നാൽ തെറ്റുകളെയും തെറ്റിന്റെ കാഠിന്യത്തെയും തെറ്റിൽ തുടർന്നാൽ വരാനിരിക്കുന്ന ശാപഗ്രസ്ഥമായ ജീവിതത്തെയും കാട്ടികൊടുക്കുന്ന ദൈവം തുടർന്ന് പെട്ടെന്ന് തന്റെ രൂപം മാറ്റുന്നു. അവിടുന്ന് ജനത്തെ തന്റെ അരികിലേക്കു ക്ഷണിക്കുന്നു: "വരുവിൻ നമുക്ക് രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടും ചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെണ്മയുള്ളതായിത്തീരും. അവ രക്തവർണ്ണമെങ്കിലും കമ്പിളിപോലെ വെളുക്കും" (ഏശയ്യാ 1,18).

ഹോസിയാ പ്രവാചകന്റെ ഗ്രന്ഥത്തിന്റെ പതിനൊന്നാം അദ്ധ്യായത്തിലും സമാനമായ ദൈവമുഖം കാണാനാവും. തന്നെ വിട്ടകലാൻ തിടുക്കം കാട്ടുന്ന ജനത്തോട്, താൻ അവർക്കായി ചെയ്തവ എടുത്തുപറഞ്ഞ് ഹൃദയവേദനയോടെ അവിടുന്നു ചോദിക്കുന്നു: "എഫ്രായിം, ഞാൻ നിന്നെ എങ്ങനെ ഉപേക്ഷിക്കും? ഇസ്രായേൽ, ഞാൻ നിന്നെ എങ്ങനെ കൈവിടും? എന്റെ ഹൃദയം എന്നെ വിലക്കുന്നു. എന്റെ അനുകമ്പ ഊഷ്മളവും ആർദ്രവുമായിരിക്കുന്നു. ഞാൻ ദൈവമാണ്, മനുഷ്യനല്ല" (ഹോസിയ 11,8-9).

തിരുവചനത്തിൽ നാം ദർശിക്കുന്ന ദൈവത്തിന്റെ കരുണയുടെ മുഖം നമ്മെ രൂപാന്തരപ്പെടുത്തുവാൻ ഉപകരിക്കണം. ഈശോയുടെ പരസ്യജീവിതം ധ്യാനവിഷയമാക്കുന്ന ദനഹാക്കാലത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. വാക്കിലും പ്രവൃത്തിയിലും കരുണാർദ്ര സ്നേഹം ചൊരിഞ്ഞവനാണ് അവിടുന്ന്. "അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനം (ഈശോയിൽ) വലിയ ഒരു പ്രകാശം കണ്ടു. മരണത്തിന്റെ നിഴലിലും മേഖലയിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി (ഈശോയിൽ) ഉദയം ചെയ്തു." ജീവിതത്തിലുടനീളം അവിടുന്ന് പ്രകടിപ്പിച്ച കരുണയുടെ പ്രവൃത്തികൾ നമുക്കു മാർഗദർശകമാകട്ടെ.

# പരസ്പരം ഭാഗ്യമാകാൻ....

**സ്റ്റെഫി മംഗലത്തുകുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

"ഇവൻ എന്റെ പ്രിയപുത്രനാകുന്നു. ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു" (മത്താ 3,17). ഈശോയുടെ മാമ്മോദീസായിൽ മുഴങ്ങിക്കേട്ട പിതാവിന്റെ സ്വരം. പ്രിയപുത്രനെക്കുറിച്ചുള്ള പിതാവിന്റെ വാക്കുകൾ. ഒരു പിതാവിനു തന്റെ മകനെക്കുറിച്ച് ഇതിലും മനോഹരമായി എന്തു പറയാനാവും? ഇന്ന് എത്ര മാതാപിതാക്കൻമാർക്കു തങ്ങളുടെ മക്കളെക്കുറിച്ച് ഇങ്ങനെ പറയാൻ സാധിക്കും?

ഈശോയെക്കുറിച്ചു തിരുവചനം നൽകുന്ന മറ്റൊരു സാക്ഷ്യമുണ്ട്. ''അവൻ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തി






ന്റെയും മനുഷ്യന്റെയും സംപ്രീതിയിലും വളർന്നുവന്നു'' (ലൂക്കാ 2,52). പത്തോ, പന്ത്രണ്ടോ വയസുള്ള ബാലനെക്കുറിച്ചല്ല, മുപ്പതു വർഷക്കാലം പിതാവിന്റെ ഹിതമനുസരിച്ചു ജീവിച്ച പുത്രനെക്കുറിച്ചാണ് പിതാവ് ഇവൻ എന്റെ പ്രിയപുത്രൻ എന്നു സാക്ഷ്യം നൽകിയത്. മാമ്മോദീസായിലൂടെ ദൈവമക്കളായിത്തീർന്ന നമ്മെ നോക്കി തമ്പുരാന് ഇപ്രകാരം പറയുവാൻ സാധിക്കുമോ?

പ്രായമേറെയായിട്ടും എല്ലാം തന്റെ നിയന്ത്രണത്തിലൂടെയേ കടന്നുപോകാവൂ എന്നു വാശിപിടിക്കുന്ന മാതാപിതാക്കന്മാരും എനിക്കു പ്രായമായില്ലേ ഇനി എന്റെ ഇഷ്ടം പോലെ നടക്കണം എന്നു തീരുമാനിച്ചുറച്ച മക്കളും... ഒരു നിമിഷം ചിന്തിക്കുക. ഞാനൊരു സത്യക്രിസ്ത്യാനിയാണ് എന്ന് ചങ്കുറപ്പോടെ എങ്ങനെ പറയാനൊക്കും?

'ഇവർ നല്ല മക്കളാ. ഞങ്ങളുടെ ഭാഗ്യമാ' ഈ ശബ്ദം കേട്ടത് മാലാഖമാരുടെ കുടുംബത്തിൽ നിന്നല്ല. മറിച്ച് വേദനകളിലും പ്രയാസങ്ങളിലും അഭിപ്രായവ്യത്യാസങ്ങളുണ്ടാകുന്നതിനിടയിലും ദൈവഹിതത്തിനു വിധേയപ്പെടുന്ന, പരസ്പരം ആദരവു കാണിക്കുന്ന ഒരു കൊച്ചുകുടുംബത്തിൽ നിന്നാണ്. പരസ്പരം ഇങ്ങനെ പറയാനാവണമെങ്കിൽ അതിനുമുമ്പ് ജീവിക്കേണ്ട ഒരു തിരുവചനമുണ്ട്: "എന്നെ അയച്ചവന്റെ ഇഷ്ടം പൂർത്തിയാക്കുകയാണ് എന്റെ ഭക്ഷണം" (യോഹ 4,34). മക്കൾക്കു എല്ലാ സാധിച്ചുകൊടുക്കുന്നവരല്ല, അവരുടെ നന്മ ആഗ്രഹിക്കുന്നവരാണ് നല്ല മാതാപിതാക്കൾ. ഇനി ഞാൻ എന്തു ചെയ്യാനാ, എന്റെ സ്നേഹം ആരും മനസിലാക്കുന്നില്ല എന്നു പരാതിപ്പെടാതെ പരസ്പരം ഇഷ്ടം പൂർത്തിയാക്കുന്നവരായി മാറണം ഓരോ മാതാപിതാക്കന്മാരും മക്കളും. ഞാൻ എന്റെ മക്കൾക്ക് ഒരു കുറവും വരുത്തില്ല എന്നു പറയുന്നവർ ഓർക്കുക, ഭൗതികാവശ്യങ്ങൾ മാത്രമല്ല അവരുടെ ആത്മീയവും മാനസികവുമായ വളർച്ചയും ശ്രദ്ധിക്കേണ്ടതുണ്ട്. എങ്കിലേ പരസ്പരം ഭാഗ്യമാകാനും ഈശോയെയും പിതാവിനെയും പോലെ പരസ്പരം ഇഷ്ടം പൂർത്തിയാക്കുന്നവരാകാൻ സാധിക്കുകയുള്ളൂ. അതിനായി ഈ ദനഹാക്കാലത്തിൽ ആത്മാർത്ഥമായി പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.



## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**

# വിശുദ്ധിയുടെ മുത്തുകൾക്ക്



**കൂട്ടുകാരേ, താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താമോ?**

1. ദനഹാ എന്ന വാക്കിന്റെ അർത്ഥം
2. ദനഹാത്തിരുനാൾ ആഘോഷിക്കുന്നതെന്ന്?
3. ഈശോ സ്നാപകയോഹന്നാനിൽനിന്നു സ്നാനം സ്വീകരിച്ചത് എവിടെവച്ചാണ്?
4. ഏതു രൂപത്തിലാണ് പരിശുദ്ധാത്മാവ് ഈശോയുടെമേൽ ഇറങ്ങിവന്നത്?
5. ദനഹാക്കാലത്തിലെ ഏതു വെള്ളിയാഴ്ചയാണ് പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ആഘോഷിക്കുന്നത്?
6. ദനഹാക്കാലത്ത് നാം ആചരിക്കുന്ന നോമ്പ് ഏത്?
7. ദനഹാത്തിരുനാളിനോടനുബന്ധിച്ച് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചാരത്തിലിരിക്കുന്ന രണ്ട് ആചാരങ്ങൾ ഏവ?
8. ദനഹായുടെ അവസാനവെള്ളിയാഴ്ച ആരുടെ ഓർമ്മയാണ് ആചരിക്കുന്നത്?
9. പരിശുദ്ധ ത്രിത്വം ലോകത്തിന് ആദ്യമായി വെളിപ്പെടുത്തപ്പെട്ടതെപ്പോൾ?
10. സഭയിലെ ആദ്യരക്തസാക്ഷി?

തയ്യാറാക്കിയത്:
**സൗമ്യാ കാഞ്ഞിരക്കാട്ട്**

## ഉത്തരങ്ങൾ

| | |
|---|---|
| 1. | 2. |
| 3. | 4. |
| 5. | 6. |
| 7. | 8. |
| 9. | 10. |

**കഴിഞ്ഞ ലക്കത്തിലെ വിജയി: ജെസ്മിൻ ക്ലാര ജോസഫ് തുണ്ടിപ്പറമ്പിൽ, പുന്നക്കുന്നം**

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - ഫെബ്രുവരി 15).
**അയയ്ക്കേണ്ട വിലാസം:** പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018

2

# കുഞ്ഞാറ്റയുടെ കുമ്പസാരം

**ഷീജ കാലായിൽ**



സ്നേഹവും സന്തോഷവും സമാധാനവും നിറഞ്ഞു നിൽക്കുന്ന, തികഞ്ഞ പ്രാർത്ഥനാചൈതന്യമുള്ള അപ്പനും അമ്മയും നാലു മക്കളുമുള്ള ഒരു കുടുംബം. രണ്ടാണും രണ്ടു പെണ്ണും. നാലാമത്തെ കുസൃതിക്കുട്ടിയാണ് നമ്മുടെ കഥാപാത്രം– കുഞ്ഞാറ്റ. ആവശ്യത്തിന് കുസൃതിയും അല്പസ്വൽപം കുരുത്തക്കേടും എല്ലാവരോടും സ്നേഹവുമുള്ള ഒരു മിടുക്കികുട്ടി. അവൾ ആദ്യകുമ്പസാരത്തിന് ഒരുങ്ങുന്നു. വേദപാഠവും നമസ്കാരങ്ങളും പഠിപ്പിക്കുന്ന സിസ്റ്റർ പറഞ്ഞുവിട്ടു, 3 ദിവസത്തിനകം ഇതുവരെ ചെയ്ത പാപങ്ങൾ എല്ലാം എഴുതിക്കൊണ്ടുവരണം. ആരെയും കാണിക്കരുത് എന്ന താക്കീതും.

കിലുകിലെ വർത്തമാനം പറഞ്ഞ് പാറിപ്പറന്നു നടന്ന കുഞ്ഞാറ്റയ്ക്ക് ഒരു അസ്വസ്ഥത.

ദൈവത്തിന് – ദൈവസ്നേഹത്തിന് എതിരായി ചെയ്തതെല്ലാം പാപമാണെന്ന് സിസ്റ്റർ പറഞ്ഞുതന്നു. കുറച്ച് ഉദാഹരണങ്ങൾ പറഞ്ഞുവിട്ടു. അനുസരണക്കേട്, വഴക്കടിച്ചത്, ചീത്താവാക്ക് പറഞ്ഞത്, കള്ളം പറഞ്ഞത്, കള്ളത്തരം കാണിച്ചത്... അങ്ങനെ കുറെ പാപങ്ങൾ.

അവൾ അമ്മയുടെ പിറകെ കൂടി. ജോലിത്തിരക്കിനിടയിൽ ഓടിനടക്കുന്ന അമ്മയോട് സിസ്റ്റർ പറഞ്ഞുവിട്ട കാര്യം അവതരിപ്പിച്ചു. അവളുടെ ഓരോ നീക്കവും നിരീക്ഷിച്ചു പിറകെ നടക്കുന്ന ചേട്ടായിമാരുടെ കണ്ണുവെട്ടിച്ചാണ് കാര്യാവതരണം. കുഞ്ഞേച്ചിയെ പിന്നേം സഹിക്കാം. ചേട്ടായിമാര്, പ്രത്യേകിച്ച് കുഞ്ഞേട്ടായി ഒരു കാര്യം കിട്ടാൻ നോക്കിയിരിക്കുവാ പിറകേ കൂടി കളിയാക്കാൻ.

പിറ്റേദിവസം അമ്മയുമൊത്ത് പള്ളിയിൽ പോകുന്ന വഴിക്ക് കുഞ്ഞാമ്മ അമ്മയുടെ മുമ്പിൽ സംശയങ്ങൾ നിരത്തി. (തുടരും)






# The True Light

**A. Johnson**

As we enter into the period of Ephiphany, let us thank God for sending his son as the light of the world " I am the light of the world, whoever follows me will never walk in darkness but will have the light of life" (Jn 8:12) and the sign of true love, "In this is love, not that we loved God but that He loved us and sent his son to be the atoning sacrifice for our sins" (1 Jn 4:16). We must pray to God earnestly for strengthening ourselves to bear the fruits of baptism and the gifts of Holy Spirit. Jesus Christ who has been made known to the world ("*this is my son, the Beloved, with whom I am well pleased*" *Mt 3:17),* by accepting the baptism from St. John, unites us to become one Church in order to proclaim one Lord, one faith and one baptism. As baptized people, we have to strive hard to keep ourselves away from the evil. We must have a constant light against all the evil tendencies by the grace of God. "Yet certain temporal consequences of sin remain in the baptized, such as suffering, illness, death, and such frailties inherent in life as weaknesses of character, and so on, as well as an inclination to sin that Tradition calls concupiscence, or metaphorically, "the tinder for sin" (fomespeccati); since concupiscence is left for us to wrestle with, it cannot harm those who do not consent but manfully resist it by the grace of Jesus Christ"(CCC art.1264). Let us open ourselves to see how much successful that we are, as followers of Christ in baptism.

Today, it is frightening to look at the world and its people who are always desired to stay back in the darkness and never wish to follow the true light. "For all who do evil hate the light and do not come to the light, so that their deeds may not be exposed" (Jn 3:20). The people are much attracted to the material world and its glory. And the people think that



they are capable of shaping their own lives through means other than the mere pursuit of power and money. It will lead us to great disaster "then, when the desire has conceived , it gives birth to sin, and that sin, when it is fully grown, gives birth to death" (Jas 1:15). The world has become selfish and the people are filled with evil desires, pride, envy etc…, and they always look through the window of others to make them down by spreading ill which is groundless. For such people, God gives answer "when he lies, he speaks according to his own nature, for he is a liar and the father of lies" (Jn 8:44b). The evil desires of the people will be resulted in murder, war, terrorism etc. and it will not give any solution to the problems of the world. "I want to strongly reaffirm that the path of violence and hatred doesn't solve the problems of humanity!", Pope Francis said during his prepared remarks after the weekly Angelus prayer in St. Peter's Square. Now, the time has come to purify ourselves by passing through the true light.

As baptized people, it is the time to come out of ourselves to the light and become the true follower of Christ, "but those who do what is true come to light, so that it may be clearly seen that their deeds have been done in God" (Jn 3:21).When Moses saw the fire, he went to it. As he came closer, the Lord revealed himself to him (Ex 3:4). In order to know God, we must also go near to him for He always invites us through the signs of time. "For what other great nation has a God so near to it as the Lord our God is whenever we call to him"(Duet 4:7). And we see that God asked him to remove the sandals, for the place is holy (Ex 3:5). When he removed the sandals, he was able to stand in the presence of God and experience the love of him. As we approach to God, we must be clean and have a perfect heart. Let us keep ourselves out of sinfulness: "But now, you must get rid of all such things - anger, wrath, malice, slander and abusive language from your mouth. Do not lie to one another, seeing that you have stripped off the old self with its practices"(Col 3:8-9). When we do that we also will be given what God has promised to Moses. "I will be with you; and this shall be the sign for you that it is I who sent you"(Ex 3:12). That will make us to accept the word of God as Moses did.The word of God will make us more pure "you have already been cleansed by the word that I have spoken to you" (Jn 15:3) and it will lead us in the darkness of the world "your word is a lamp to my feet and a light to my path" (Ps 119:105). And also it will enlighten us with the truth "the unfolding of your words gives light; it imparts understanding to the simple" (Ps 119:130). Jesus Christ, the "light of the nations", shines upon the face of his Church, which he sends forth to the whole world to proclaim the Gospel to every creature. Hence the Church, as the People of God among the nations, while attentive to the new challenges of history and to mankind's efforts to discover the meaning of life, offers to everyone the answer which comes from the truth about Jesus Christ and his Gospel (Veritatis Splendor, 3). Let us walk together by keeping us away from sin and holding the word of God which is the true light that will lead us to reach our ultimate goal. "The word is very near to you; it is in your mouth and in your heart for you to observe" (Deut 31:14).

# എൻ വിശ്വാസം

**ഫിലോ കുറ്റിയാത്ത്**

ജ്ഞാനസ്നാനത്തിൽ പിറന്നൊരെൻ വിശ്വാസം
ബലിയാൽ കൂദാശകളാൽ വളർന്നൊരെൻ വിശ്വാസം
വചനമാം ജലത്താലും വളത്താലും മെല്ലെ മെല്ലെ
ആഴത്തിലേക്കു വേരുറപ്പിച്ചോരെൻ വിശ്വാസം

സാത്താനെ ഓടിച്ചകറ്റീടുന്നതാണെൻ വിശ്വാസം
സത്താനാൽ പരീക്ഷിക്കപ്പെടുന്നതാണെൻ വിശ്വാസം
അമ്മയാം മേരിതൻ നിത്യ സഹായത്താൽ
സാത്താനെ തകർത്തീടുന്നതാണെൻ വിശ്വാസം

ദൈവികപുണ്യങ്ങളിലൊന്നാണെൻ വിശ്വാസം
ദൈവം നിറയ്ക്കുന്ന പുണ്യമാണെൻ വിശ്വാസം
അരൂപിതൻ നിറവിനായ് കനിവിനായ്
സ്വയം സ്വന്തം ഉപേക്ഷിക്കലാണെൻ വിശ്വാസം

രക്തസാക്ഷിത്വം പ്രതിഫലം തരുന്നെൻ വിശ്വാസം
ഇരുളിൽ വഴികളിൽ കാഴ്ചയാണെൻ വിശ്വാസം
ഈശോ തൻ കുരിശിൻ മറുപുറം ചേർത്തെന്നെ
തറയ്ക്കുവാൻ മനസ്സാകുന്നതാണെൻ വിശ്വാസം

## മാന്യവായനക്കാരുടെ ശ്രദ്ധയ്ക്ക്

പ്രതീക്ഷകളുടെ പൂമൊട്ടിനു നല്കിക്കൊണ്ടിരിക്കുന്ന എല്ലാ സഹായങ്ങൾക്കും ഏറെ നന്ദി. വരിസംഖ്യാകാലാവധി അവസാനിച്ചിരിക്കുന്നവർ എത്രയും പെട്ടെന്നുതന്നെ അതു പുതുക്കുവാൻ ശ്രദ്ധിക്കുമല്ലോ (വാർഷിക വരിസംഖ്യ 100 രൂപ). രൂപ, മണിയോഡർ/ചെക്ക് ആയി അയയ്ക്കുകയോ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയോ ആവാം

**South Indian Bank, Kanjikuzhy**
**Account Name: Pratheekshayude Poomottukal**
**Account No: 0315053000014349**
**IFSC : SIBL0000315**

അക്കൗണ്ടിലേക്ക് പണം ട്രാൻസ്ഫർ ചെയ്യുന്നവർ തങ്ങളുടെ അഡ്രസ് ഫോൺ വഴിയോ ഇ.മെയിൽ മുഖേനയോ അറിയിക്കുവാൻ മറക്കരുതേ

**Ph: 9497588192**
**email: psmktm@gmail.com**

നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഈ പ്രേഷിതശുശ്രൂഷയെയും ഉൾപ്പെടുത്തണമേ.





# ഇതാണ് വഴി

**ഫാ. ഷിബു പുളിക്കൽ**
റെക്ടർ, സെന്റ് തോമസ് മൈനർ സെമിനാരി,
കല്യാൺ രൂപത

സെമിനാരിയിലെ ഒരു സഹോദരനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആ സഹോദരന് കൂട്ടുനിൽക്കാൻ പോയ രണ്ട് സഹോദരന്മാർക്കുണ്ടായ ഒരനുഭവം ഓർക്കുകയാണ്. ബൈക്കിലായിരുന്നു ആശുപത്രിയിലേക്കുള്ള അവരുടെ യാത്ര. സെമിനാരിയിൽനിന്നും ഹോസ്പിറ്റലിലേക്ക് ഏകദേശം എട്ട് കിലോമീറ്റർ ദൂരമുണ്ട്. വഴിയൊക്കെ ചോദിച്ച് മനസ്സിലാക്കിയിട്ടാണ് യാത്ര ആരംഭിച്ചതെങ്കിലും പിന്നീട് അവർക്ക് വഴിതെറ്റി. വഴി




തെറ്റി അവർ കയറി ചെന്നതോ മുബൈ പൂന്നെ എക്സ്പ്രസ് ഹൈവേയിലേക്കും. എക്സ്പ്രസ് ഹൈവേയിൽ ഇരുചക്രവാഹന ങ്ങൾ അനുവദനീയമല്ല.

കുറെ ദൂരം യാത്ര ചെയ്തതിനുശേഷ മാണ് വഴിതെറ്റിയ വിവരം അവർക്കു മനസ്സി ലാകുന്നത്. ഇനി എന്താ ചെയ്ക? തിരിച്ച് പോവുകതന്നെ. എക്സ്പ്രസ് ഹൈവേ ഏക ദിശമാർഗ്ഗമായതുകൊണ്ട് തിരിച്ചുപോകാൻ അപ്പുറത്തെ ദിശയിലേക്കുള്ള റോഡിലേക്ക് കട ക്കണം. വളരെ ദൂരം സഞ്ചരിച്ചിട്ടും ഒരു 'യൂ ടേൺ' കാണാനില്ല. ബൈക്ക് ഉയർത്തിപിടിച്ച് അപ്പുറത്ത് കടക്കാമെന്ന് വെച്ചാൽ രണ്ടു വഴി കളുടെയും നടുവിൽ കാന കുഴിച്ചിട്ടിരിക്കുക യാണ്. മറ്റ് മാർഗ്ഗങ്ങളൊന്നും ഇല്ലാത്തതു കൊണ്ട് അവർ മുന്നോട്ടു തന്നെ പോയിക്കൊ ണ്ടിരുന്നു. കിലോമീറ്ററുകളോളം സഞ്ചരിച്ചതി നുശേഷമാണ് ഒരു 'യൂ ടേൺ' ഉള്ള സ്ഥലം വരുന്നത്. അവിടെവച്ച് ബൈക്ക് തിരിച്ച് അവർ മറ്റൊരു വഴിയിലൂടെ പോരുകയും ചെയ്തു. വഴി തെറ്റിയെന്ന് അറിഞ്ഞ നിമിഷം തന്നെ തിരിച്ചുപോരാൻ അവർ ആഗ്രഹിച്ചെങ്കിലും അവർക്കതിന് സാധിച്ചില്ല. അതിനുവേണ്ടി അവർക്ക് വളരെദൂരം പിന്നെയും സഞ്ചരിക്കേ ണ്ടിവന്നു. സമയനഷ്ടം, പോലീസ് പിടി ക്കുമോയെന്ന ഭയം, എക്സ്പ്രസ് വേയിലൂടെ ചീറിപാഞ്ഞ് വരുന്ന വാഹനങ്ങൾ, ഇതിനെ യെല്ലാം തരണം ചെയ്തു ലക്ഷ്യസ്ഥാനത്ത് അവർ എത്തിയപ്പോൾ നേരം വളരെ വൈകി യിരുന്നു.

ഒരാൾ തെറ്റു ചെയ്യുമ്പോഴും തെറ്റിൽ വീണുപോകുമ്പോഴും ഇതുതന്നെയാണ് സംഭ വിക്കുന്നത്. വീഴാൻ എളുപ്പമാണ് എന്നാൽ കര കയറാൻ ഏറെ പ്രയാസമാണ്. തെറ്റിയെന്ന് മന സ്സിലാക്കിയാലും, തിരിച്ചുവരാൻ അദമ്യമായി ആഗ്രഹിച്ചാൽ പോലും ചിലപ്പോൾ അത് സാധിച്ചെന്നു വരില്ല. അല്ലെങ്കിൽ അത്രയധികം സമ്മർദ്ദങ്ങളിലൂടെയും സഹനങ്ങളിലൂടെയും കടന്നുപോയാൽ മാത്രമേ ഒരു തിരിച്ചുവരവു സാധ്യമാകു.

ഇന്നത്തെ തലമുറയുടെ മുമ്പിൽ എക്സ്പ്രസ് ഹൈവേ പോലെ നീണ്ടു വിശാ ലമായി കിടക്കുകയാണ് പലതരം പ്രലോഭന ങ്ങൾ. 'ഇതാണ് വഴി ഇതിലേ പോവുക (ഏ ശയ്യാ 30:21) എന്ന ആന്തരിക സ്വരത്തിന് ചെവി കൊടുക്കാതെ എനിക്കിഷ്ടമുള്ളിടത്തേക്ക് എന്റെ ചിന്തകളേയും, വികാരങ്ങളെയും വിചാ രങ്ങളേയും യഥേഷ്ടം മേയാൻ ഞാൻ അഴി ച്ചുവിട്ടാൽ എപ്പോൾ വേണമെങ്കിലും അപകടം സംഭവിക്കാമെന്ന് ഞാൻ തിരിച്ചറിയണം. മുന്നി ലുണ്ടായിരുന്ന Sign Board ശ്രദ്ധിച്ചിരുന്നുവെ ങ്കിൽ അവർ എക്സ്പ്രസ് ഹൈവേയിലേക്ക് കയറില്ലായിരുന്നു. ശ്രദ്ധയില്ലാതെ നമ്മൾ ചെയ്യുന്ന പ്രവൃത്തികളാണ് അപകടത്തിലേക്ക് നയിക്കുന്നതെന്ന് ഓർമ്മ വേണം. പ്രഭാഷകൻ ഓർമ്മിപ്പിക്കുന്നതുപോലെ "പ്രതിബന്ധങ്ങൾ നിറഞ്ഞ വഴിയിലൂടെ സഞ്ചരിച്ച് തട്ടിവീഴരുത്. നിരപ്പായ വഴിയിലും അമിതമായ ആത്മവി ശ്വാസം അരുത്, വഴിയിൽ ശ്രദ്ധയോടെ നട ക്കുക. ഓരോ പ്രവൃത്തിയിലും കരുതൽ വേണം" (പ്രഭാ 32:20).



# ചില സത്സൂക്തങ്ങൾ

**എം. സി. ഇൺഡഫോൺസ്**
**സോഷ്യൽ ആനിമേറ്റർ**

- ❖ ശക്തമായ വികാരബഹിർഗമനമാകണം 'വിശുദ്ധി'
- ❖ വചനം മാംസമായ മഹാരഹസ്യം മനുഷ്യമനസ്സുകൾക്കു നിരൂപിക്കാൻ സാധിക്കാത്തവിധം അത്ര നിഗൂഢമാണ്.
- ❖ ശ്ലീഹന്മാർ യൂദാസിനൊപ്പം ഒന്നിച്ചു ജീവിച്ചു. അവൻ ഒരു കള്ളനെന്നറിയാമായിരുന്നിട്ടും അവന് ഇത്ര നീചമായ ക്രൂരകൃത്യം ചെയ്യുവാനുള്ള കഴിവുണ്ടാകുമെന്ന് അവരാരും സംശയിച്ചിരുന്നില്ല.
- ❖ തിരുവോസ്തിയിൽ കർത്താവിനെ സ്പഷ്ടമായി കാണുവാൻ സാധിക്കുമായിരുന്നെങ്കിൽ നാം വിശുദ്ധ കുർബാന സ്വീകരിക്കുവാൻ വിമുഖത കാട്ടുമായിരുന്നു.
- ❖ ഓ! എന്റെ അമ്മേ, അങ്ങ് എന്തുമാത്രം വാത്സല്യത്തോടെയാണ് ഈശോയെ സ്നേഹിച്ചത്. അതുപോലെ ഈശോയെ എന്റെ ഹൃദയത്തിൽ സ്വന്തമാക്കുവാൻ എന്നെ സഹായിക്കണമേ.
- ❖ ആധികാരികവും സുന്ദരവും ശരിയുമായ വിശുദ്ധ കലാരൂപങ്ങൾ മനുഷ്യനു ദൈവത്തെ ആരാധിക്കുവാനും കൂടുതലായി സ്നേഹിക്കുവാനും പ്രാർത്ഥിക്കുവാനും ഉതകുന്ന നല്ല മാധ്യമങ്ങളാണ്.
- ❖ മനുഷ്യമക്കളെ ദൈവവുമായി ബന്ധിപ്പിക്കുന്ന സുന്ദരമായ മഴവില്ലാണ് 'പ്രാർത്ഥന'.

കടപ്പാട്: Heralds of the Gospel





**Laudato Si - 4**



# സൃഷ്ടിയുടെ സുവിശേഷം പ്രഘോഷിക്കുക

**ഫാ.സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ വി.സി.**
**റെക്ടർ, വിൻസെൻഷ്യൻ വിദ്യാഭവൻ, ആലുവ**

'Laudato si' എന്ന ചാക്രികലേഖനത്തിൽ മനുഷ്യജീവിതം അടിത്തറയിട്ടിരിക്കുന്ന മൂന്ന് അടിസ്ഥാന ബന്ധങ്ങളെക്കുറിച്ച് ഫ്രാൻസിസ് മാർപാപ്പ പഠിപ്പിക്കുന്നുണ്ട്: ദൈവവുമായുള്ള ബന്ധം, സഹോദരങ്ങളുമായുള്ള ബന്ധം, ഭൂമിയോടുള്ള ബന്ധം. ഈ മൂന്നു ബന്ധങ്ങളും തകരാതെ സൂക്ഷിക്കേണ്ടത് മനുഷ്യനാണ്. കായേന്റെയും ആബേലിന്റെയും സംഭവത്തിൽ, കായേന്റെ തിന്മമൂലം അവർ തമ്മിൽ മാത്രമല്ല, കായേനും ദൈവവുമായുള്ള ബന്ധവും കായേനും ഭൂമിയുമായുള്ള ബന്ധവും തകരുന്നു. ദൈവത്തോടും അപരനോടും പ്രപഞ്ചത്തോടുമുള്ള നമ്മുടെ ബന്ധം കാത്തു സൂക്ഷിക്കുവാൻ വിശ്വസ്തത, സാഹോദര്യം, നീതി എന്നിവയിൽ നാം നിലനിൽക്കേണ്ടതായിട്ടുണ്ട്.

പുരുഷനെയും സ്ത്രീയേയും സൃഷ്ടിച്ചതിലൂടെ, നാം ഓരോരുത്തരും സ്നേഹിക്കപ്പെട്ടവരും



അനിവാര്യരുമാണെന്ന് ദൈവം വെളിപ്പെടുത്തി. ഭൂമിയെ സൃഷ്ടിച്ച ദൈവം ലോകമാകുന്ന ഏദൻതോട്ടത്തെ "കൃഷിചെയ്യുവാനും സംരക്ഷിക്കുവാനും" വേണ്ടിയാണ് മനുഷ്യനു നൽകിയിരിക്കുന്നത്. പ്രകൃതിയും മനുഷ്യനും തമ്മിൽ പരസ്പര ഉത്തരവാദിത്വത്തിന്റെ ബന്ധം കാത്തുസൂക്ഷിച്ചുകൊണ്ട് വരും തലമുറകൾക്കായി അതിന്റെ ഫലപുഷ്ടിയെ ഉറപ്പുവരുത്തുവാൻ മനുഷ്യനു കടമയുണ്ട്. ദൈവതിരുമുമ്പിൽ മനുഷ്യനെന്നതുപോലെ സർവ്വജീവജാലങ്ങൾക്കും മൂല്യമുണ്ടെന്ന് നാം അംഗീകരിക്കണം. കാരണം "ഭൂമി കർത്താവിന്റേതാണ്" (സങ്കീ 24:1). കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു: "ഓരോ സൃഷ്ടിയുടെയും സവിശേഷനന്മയേയും മൂല്യത്തേയും മനുഷ്യൻ ആദരിക്കണം; ക്രമരഹിതമായ ഉപഭോഗത്തെ ഒഴിവാക്കുകയും വേണം" (No. 339).


സാബത്തുനിയമങ്ങളും ജൂബിലിവർഷാചരണവും സൃഷ്ടിയുടെ സുവിശേഷം ജീവിക്കുന്നതിനുള്ള മാർഗദർശികളാണ്. 7-ാം വർഷം സാബത്തു വർഷവും 7 സാബത്തുവർഷങ്ങൾക്കു ശേഷമുള്ള വർഷം ജൂബിലിവർഷവും ആണല്ലോ. അത് വിശ്രമത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും വർഷമാണ് (ലേവ്യർ 25:10). മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളിലും ഭൂമിയുമായുള്ള ബന്ധത്തിലും വന്നപാളിച്ചകൾ പരിഹരിക്കുവാനുള്ള ശ്രമമാണ് നാമിവിടെ കാണുന്നത്. അതോടൊപ്പം തന്നെ ഭൂമിയും അതിന്റെ ഫലങ്ങളും ദരിദ്രർ, വിധവകൾ, അനാഥർ, പരദേശികൾ എന്നിവരുമായി പങ്കുവയ്ക്കുവാനുള്ള നമ്മുടെ ഉത്തരവാദിത്വത്തെയും ജൂബിലിവർഷാചരണം ഓർമ്മപ്പെടുത്തുന്നു (ലേവ്യർ 19:9-10).

സ്നേഹവും ശക്തിയും ദൈവത്തിൽ യോജിച്ചാണിരിക്കുന്നത്. പ്രപഞ്ചത്തെയും മനുഷ്യനെയും സൃഷ്ടിച്ചതിനു പിന്നിലുള്ള ദൈവിക ശക്തി, പരിപാലിക്കുന്ന സ്നേഹമായി സൃഷ്ടികളോടൊത്തുണ്ട്. "സൂര്യനെയും നക്ഷത്രങ്ങളെയും ചലിപ്പിക്കുന്ന സ്നേഹം" എന്ന് സ്രഷ്ടാവിനെ വിശേഷിപ്പിക്കുവാൻ ഡാന്റെ അലിഗറിനെ പ്രേരിപ്പിച്ചത് ഈ തിരിച്ചറിവാണ്. പ്രപഞ്ചത്തിന്റെ മഹത്ത്വത്തിനു നിദാനമായ സൃഷ്ടിക്കുന്ന വചനം, സ്നേഹാർദ്രമായ കരുണയിലേക്ക് ഉയരുവാൻ മനുഷ്യർ തങ്ങളുടെ സംരക്ഷണത്തിന്റെ കടമകളെ നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. കാരണം "പൂർണ്ണതയിലെത്തിയ ഒരു ലോകത്തെയല്ല ദൈവം സൃഷ്ടിച്ചത്, വികസനം ആവശ്യമുള്ള ഒന്നിനെയാണ്........ തന്റെ സൃഷ്ടികർമ്മത്തിൽ മനുഷ്യന്റെ സഹകരണം തേടുന്നതിന്റെ ഭാഗമാണിത്" (LS 80).

ഈ പ്രപഞ്ചത്തിൽ പ്രയോജനരഹിതമായി ഒന്നുമില്ല. ദൈവത്തെ വെളിപ്പെടുത്തുന്നതിൽനിന്ന് ഒരു സൃഷ്ടിയും മാറിനിൽക്കുന്നുമില്ല. അവയെല്ലാം ദൈവികവെളിപാടുകളുടെ തുടർച്ചയാണ്. വി.തോമസ് അക്വീനാസ് പറയുന്നതുപോലെ, "ഒരു ദൈവിക സൃഷ്ടിയിലുള്ള കുറവ് മറ്റൊന്നിനാൽ നികത്തപ്പെടണമെന്ന് അവിടുന്നാഗ്രഹിച്ചു. ഒരൊറ്റ സൃഷ്ടിക്കു തനിച്ച് ദൈവത്തിന്റെ സമ്പൂർണ്ണ നന്മയെ ഉചിതമാം വിധം പ്രതിഫലിപ്പിക്കുക സാധ്യമല്ല". അതിനാൽ സൃഷ്ടിയെക്കുറിച്ചുള്ള ധ്യാനവും അവയുടെ വൈവിധ്യത്തെക്കുറിച്ചുള്ള വിലയിരുത്തലും സൃഷ്ടിയുടെ സുവിശേഷം പ്രഘോഷിക്കുവാൻ ഒരു വിശ്വാസിയെ സഹായിക്കും.

പ്രകൃതി ദൈവത്തിന്റെ കലാസൃഷ്ടിയാണ്. പദാർത്ഥപരമായ ഈ പ്രപഞ്ചത്തിൽ ഏറ്റവും കൂടുതൽ മൂല്യവും വ്യക്തിത്വവുമുള്ള ജീവി മനുഷ്യനാണ്. നമ്മോടൊപ്പവും നമ്മിലൂടെയും ഈ ലോകത്തിലെ സർവ്വജീവജാലങ്ങളെയും അവയുടെ അവസാനസംഗമസ്ഥാനമായ ദൈവത്തിലേക്കു നയിക്കാൻ നമുക്കാകണം. സൃഷ്ടിയുടെ ഈ സുവിശേഷപ്രഘോഷണത്തിൽ ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകൾ നമുക്ക് മറക്കാതിരിക്കാം: "ബുദ്ധിയും സ്നേഹവും നൽകപ്പെട്ട മനുഷ്യർ - മിശിഹായുടെ പൂർണ്ണതയിലേക്ക് ആനയിക്കപ്പെട്ട മനുഷ്യർ - മറ്റെല്ലാ ജീവജാലങ്ങളെയും സ്രഷ്ടാവിലേക്ക് കൈപിടിച്ചു നടത്താൻ കടപ്പെട്ടവനാണ്" (LS 83).

# കാരുണ്യവഴിയിലെ തൂവൽ സ്പർശം



ജിസ് ജോൺ, മുതുപ്ലാക്കൽ

ഞാൻ ഡൽഹിയിൽ നിന്ന് ബോംബെയിലേക്ക് ട്രെയിനിൽ യാത്ര ചെയ്തുകൊണ്ടിരുന്നപ്പോൾ ഒരു കാഴ്ച കാണുവാനിടയായി. ഒട്ടിയ വയറുമായി കരയുന്ന സ്വന്തം പെങ്ങളെ മാറോടു ചേർത്ത് ഭിക്ഷ യാചിക്കുന്ന ഒരു പതിനഞ്ചു വയസുകാരനെ. നോർത്ത് ഇന്ത്യയിൽ ഇത് ഒരസാധാരണ കാഴ്ചയല്ല. ഒരു നേരത്തെ ഭക്ഷണത്തിനായി കഷ്ടപ്പെടുന്ന വളരെയധികം പേരുണ്ടവിടെ. പകലന്തിയോളം പണിയെടുത്തിട്ട് കൂലിക്കായി യജമാനന്റെ മുന്നിൽ ചെല്ലുമ്പോൾ അടി പ്രതിഫലമായി കിട്ടുന്ന വിരളമായ സ്ഥലങ്ങളും നോർത്ത് ഇന്ത്യയിലുണ്ട്. ഇവിടെ കേരളത്തിൽ എല്ലാവരും എന്തുമാത്രം സുഖസമൃദ്ധിയിൽ കഴിയുന്നു! നാലു നേരം ഭക്ഷണം, സുഖമായ ഉറക്കം, ആവശ്യത്തിനു പണം ഇതെല്ലാം കിട്ടിയിട്ടും എത്രമോശമായ വഴിയിലൂടെയാണ് കേരളത്തിലെ യുവതലമുറയിൽ പലരും ഇന്ന് നടക്കുന്നത്? പുകവലി, മദ്യപാനം, മോഷണം, കൊലപാതകം തുടങ്ങിയ പലതരം കൊള്ളരുതായ്മകൾക്ക് കേരളം സാക്ഷിയാകുന്നു. ഇങ്ങനെ നടക്കുന്നവർ നോർത്ത് ഇന്ത്യയിലൂടെ ഒന്നു കറങ്ങിവരുന്നത് എപ്പോഴെങ്കിലും അവരുടെ മനസ്സിൽ ഒരു വീണ്ടു വിചാരമുണ്ടാകുന്നതിന് വഴിതെളിച്ചേക്കാം. എല്ലാവരും എല്ലായിടത്തും സമത്വം കാണിച്ചിരുന്നുവെങ്കിൽ ഇത്രയും സുഭിക്ഷമായി കഴിയുന്ന കേരളീയരുടെ ധൂർത്ത് എത്രയോ കുറഞ്ഞേനെ.... വിശക്കുന്നവന് ഒരുനേരത്തെ ഭക്ഷണം കൊടുക്കു




വാൻ നമ്മുടെ ഗുരുക്കന്മാരും മതനേതാക്ക ന്മാരും നമ്മോട് കുഞ്ഞുനാൾ മുതലേ ഉരുവിട്ടു തന്നിട്ടും, അതിനൊന്നും ചെവി കൊടുക്കാതെ ഇന്നത്തെ യുവതലമുറ തന്നിഷ്ടത്തോടെ എവിടെ കൂടുതൽ സുഖം കിട്ടും എന്നന്വേഷിച്ച് പാഞ്ഞുനടക്കുന്നു. കർഷകരായ ആന്റണിക്കും മറിയാമ്മയ്ക്കും രണ്ടുമക്കളുണ്ടായിരുന്നു. അവ രിൽ ആൺകുഞ്ഞിനെ അവർ നന്നായി പഠിപ്പിച്ചു. എന്നാൽ അവൻ ജോലിയൊന്നും ചെയ്യാതെ നാട്ടിലുള്ള അവന്റെ കൂട്ടുകാരോ ടൊപ്പം മദ്യപാനം, മയക്കുമരുന്ന് എന്നിവയ്ക്ക ടിമയായി ചുറ്റിക്കറങ്ങികൊണ്ടേയിരുന്നു. ആന്റ ണിച്ചേട്ടന് വയസായി. ജോലിയൊന്നും ചെയ്യാൻ പറ്റാതായി വന്നു. വീട്ടിൽ ഒരു നേരത്തെ ഭക്ഷണം കൂടെ കിട്ടില്ല എന്നു മന സിലായ മകൻ വീട്ടിലും വരാതായി. നാട്ടിലും വീട്ടിലും നില്ക്കകള്ളിയില്ലാതെ വന്നപ്പോൾ അവൻ നാടുവിട്ട് മദ്ധ്യപ്രദേശിലെ ഒരു ഗ്രാമ ത്തിലെത്തി. അവിടെ ചേരിയിൽ താമസിച്ചി രുന്ന ആൾക്കാരുടെ കഷ്ടപ്പാടുകൾ മനസിലാ ക്കിയപ്പോൾ കുറച്ചൊക്കെ തന്റെ നാടിനെയും വീട്ടുകാരെയും കുറിച്ച് അവൻ ചിന്തിക്കാൻ തുടങ്ങി. കുഷിപ്പണിയാണെങ്കിലും വളരെയ ധികം സാമ്പാദ്യമൊന്നുമില്ലായിരുന്നെങ്കിലും തന്റെ വീട്ടിൽ എന്തു സുഖമായിരുന്നു എന്നു അവൻ ചിന്തിച്ചു. എന്തായാലും തന്റെ വീട്ടി ലേക്ക് ഒന്നു വിളിക്കാമെന്ന് അവൻ തീരുമാനി ച്ചു. ഫോണെടുത്ത് വിളിക്കാൻ തുടങ്ങിയ പ്പോൾ അവന്റെ ഹൃദയമിടുപ്പ് കൂടാൻ തുടങ്ങി. റിങ്ങ് അടിച്ചു തുടങ്ങിയപ്പോൾ വീണ്ടും ഹൃദ യമിടുപ്പ് കൂടി. ആരോ മറുവശത്തു ഫോണെ ടുത്തു. ഒരു പതിഞ്ഞ സ്ത്രീ ശബ്ദം "അമ്മേ ഇത് ഞാനാണ്" എന്ന് പറയുമ്പോഴേക്കും മറു ഭാഗത്തു നിന്ന് അതിനുള്ള മറുപടി വന്നുകഴി ഞ്ഞു: "എന്തിനാ വിളിച്ചത്, ഞങ്ങൾ സമാധാ നമായി ജീവിച്ചോട്ടെ". അവൻ ഫോൺ വച്ച തിനുശേഷം ഭിത്തിയിൽ ചാരി നിന്ന് ഏങ്ങി ഏങ്ങി കരഞ്ഞു. തന്നെ ആർക്കും വേണ്ടാ തായി ഇനി എന്തിനുജീവിക്കണം എന്നുവരെ അവൻ ചിന്തിച്ചു.

ഇന്ന് അവനെ ഈ അവസ്ഥയിൽ എത്തിച്ചിരിക്കുന്നത് എന്താണ്? ഒരിക്കൽ എല്ലാ വർക്കും പ്രിയങ്കരനായ അവനെ ഇന്ന് ലോക ത്തിൽ ആർക്കും വേണ്ടാതാക്കിയത് ആര്? ഇങ്ങനെയുള്ള ഒരുപാട് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ആർക്കും സാധിക്കും. മദ്യം, മയക്കുമരുന്ന് ഇവയെല്ലാം വളരെ സുല ഭമായിക്കിട്ടുന്നു എന്നതാണ് ഒരു പ്രധാനകാര ണം. സ്കൂൾ പരിസരത്ത് റെയ്ഡ് നടത്തി എത്രയോ കുട്ടികളെയും ഏജന്റുമാരെയും പിടി കൂടുന്നു. തെറ്റു ചെയ്യുന്നവൻ ഒരു സ്ഥലമല്ലെ ങ്കിൽ മറ്റൊരു സ്ഥലം തീർച്ചയായും കണ്ടുപി ടിച്ചിരിക്കും. താൻ നന്നാവണം, നാടു നന്നാ വണം എന്ന ചിന്ത ഓരോ വ്യക്തിയുടെയും മനസിൽ തോന്നിയാൽ മാത്രമേ നല്ല ഒരു വ്യത്യാസം ഈ ഭൂലോകത്ത് ഉടലെടുക്കുകയു ള്ളൂ. തമിഴ്നാട്ടിലും മറ്റ് ചില ഉൾപ്രദേശങ്ങളി ലും എന്തെങ്കിലും തെറ്റു ചെയ്യുന്ന വ്യക്തിക്ക് നാട്ടുകൂട്ടത്തിന്റെ തീരുമാനപ്രകാരം ഊര് വിലക്ക് കല്പിക്കാറുണ്ട്. അവിടെയുള്ളവർ പേടിച്ച് തെറ്റു ചെയ്യാതിരിക്കാൻ സാധ്യതയു ണ്ടെങ്കിലും, ഏറ്റവും നല്ലത് ഒരു വ്യക്തിയുടെ വ്യക്തിത്വരൂപീകരണം നടത്തുന്നത് നേരായ മാർഗത്തിലൂടെയായിരിക്കുന്നതല്ലേ. ചെറുപ്പം മുതലേ അവന്റെ പ്രായത്തിനനുസരിച്ചുള്ള ഉപ ദേശങ്ങളും നിർദ്ദേശങ്ങളും കൊടുത്ത് നന്നായി വളർത്തിയാൽ മാത്രമേ അത് സാധ്യമാകുക യുള്ളൂ. ഇന്നത്തെ പുതുതലമുറയ്ക്ക് തങ്ങളുടെ മക്കളുടെ കാര്യങ്ങളൊന്നും ശ്രദ്ധിക്കാൻ സമ യമില്ലാതെയായിക്കൊണ്ടിരിക്കുകയാണ്.

"കൊള്ളരുതാത്ത മക്കളുടെ കൂട്ടത്തെ ആഗ്രഹിക്കരുത്; ദൈവഭയമില്ലാത്ത പുത്രരിൽ ആനന്ദിക്കുകയുമരുത്" (പ്രഭാ 16:1).

"മകനെ ശിക്ഷകൂടാതെ വളർത്തുന്നവൻ അവനെ വെറുക്കുന്നു; സ്നേഹമുള്ള പിതാവ് അവനു ശിക്ഷണം നല്കാൻ ജാഗരൂകത കാട്ടുന്നു" (സുഭാ 13:24) തുടങ്ങിയ തിരുവചന ഭാഗങ്ങൾ നമുക്ക് ഓർമ്മയിൽ വയ്ക്കാം.



പ്രതീക്ഷയുടെ പൂമൊട്ടുകൾ

**കവിത**

# നാഥനു സ്തുതി....

**അനിത ആത്രശ്ശേരിൽ**

പൂവിന്റെ ചുണ്ടുകൾ മന്ദസ്മിതം തൂകി
പൂങ്കാറ്റു വീശവേ ചാഞ്ചാടിയോതുന്നു
കാലങ്ങളെത്രയോ കാത്തിരുന്നീ ദിനം
കൺകുളിർക്കേ ധര കാണട്ടേ ഞാനിന്ന്
കണ്ണുകൾ ചിമ്മിതുറന്നു വീക്ഷിക്കവേ
കണ്ടിടുന്നൽഭുതം ഭൂതലം സുന്ദരം
കൗതുകമൂറുന്ന കാഴ്ചകൾ കണ്ടവ
വർണ്ണമനോഹരം വർണ്ണനാതീതമേ-
ഇലകളും പൂക്കളും വിടരാൻ വിതുമ്പുന്ന
ഈ വിശ്വ സൗന്ദര്യം ആരുടേത്?
ഈ ഭൂവിലെന്നെ ജനിപ്പിച്ച നാഴിക
ഈശ്വര നിശ്ചയം നന്ദിയേകിടുന്നു.
പരിശുദ്ധിയേകുന്ന പരിമളമെന്നുമേ
പകരട്ടെ ജന്മം സഫലമായ് തീരട്ടെ.
ഈ ജന്മം ധന്യമായ് തീർത്തീടുവാനെന്നെ
ഇറുത്തെടുത്തീശ്വര തൃപ്പാദേ വയ്ക്കണെ
ഇതളുകളോരോന്നും പൊഴിയട്ടെ - വീഴട്ടെ
ഈശ്വര ദർശനം നേടി ഞാൻ മായട്ടെ
ഇല്ലായ്മയിൽ നിന്നുമെന്നെ കനിവോടെ
സൃഷ്ടിച്ച നാഥനായ് ഇല്ലായ്മ പുൽകട്ടെ.





# ദുരിതമേ... നന്ദി!

**ടെസ്സി കറുകപ്പറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**2015** ഡിസംബർ മാസം മനസ്സിനെ വല്ലാതെ നൊമ്പരപ്പെടുത്തിയ ഒരു മാസമായിരുന്നു. നവോമി, ജെയിംസ്, ആകാശ് ... ഇങ്ങനെ നിരവധി ചെറുപ്പക്കാർ അപ്രതീക്ഷിതമായി മരണത്തിലൂടെ നമ്മിൽനിന്നും വേർപിരിഞ്ഞപ്പോൾ കോട്ടയംജില്ല മാത്രമല്ല കേരളം മുഴുവൻ ഒരു സങ്കടക്കടലായി. അതിൽത്തന്നെ ഏറ്റം ദുഃഖം വിതച്ച മരണമായിരുന്നു ആകാശിന്റേത്. സ്വകാര്യബസിടിച്ചു മരിച്ച പതിമൂന്നുകാരനായ ആകാശിന്റെ മരണം ഒരു നാടിനെ ആകെ കണ്ണീർക്കയത്തിലാഴ്ത്തി. വർഷങ്ങളുടെ കാത്തിരിപ്പിനൊടുവിൽ വിടർന്ന ഒരു പുഷ്പത്തെ ഒരു അനുവാദവുംകൂടാതെ ദൈവം ഇറുത്തെടുത്തപ്പോൾ ആകാശിന്റെ മാതാപിതാക്കൾ മാത്രമല്ല, മനഃസാക്ഷിയുള്ള ഏതൊരാളും അറിയാതെ ഒരു ചോദ്യം ഉതിർത്തിട്ടുണ്ടാകും... തീർച്ച. ഇതെന്തു കഷ്ടം! എങ്കിലും ദൈവമെന്താ അവരോടിതു ചെയ്തത്?





ഇത്തരം ചില ദുരന്തങ്ങളുടെ, വേർപാടുകളുടെ മുമ്പിൽ മാനുഷികമായി നാം പകച്ചു നിന്നുപോകാം. എന്നാൽ ഓർക്കുക, അപ്രതീക്ഷിതമായതു സംഭവിക്കുമ്പോൾ തളരാതിരിക്കുക, ദൈവം അറിയാതെ ഒന്നും സംഭവിക്കുകയില്ല എന്നു വിശ്വസിക്കുക. ജോബിന്റെ പുസ്തകം 1,21 ൽ നാം വായിക്കുന്നു: ''കർത്താവ് തന്നു, കർത്താവ് എടുത്തു, കർത്താവിന്റെ നാമം മഹത്ത്വപ്പെടട്ടെ''. ദൈവത്തിലുള്ള ജോബിന്റെ അടിയുറച്ച ഈ വിശ്വാസവും ആശ്രയവും നമ്മുടെ ജീവിതങ്ങളിലും ഉണ്ടായാൽ അപ്രതീക്ഷിതമായ അനുഭവങ്ങളെ പ്രത്യാശയുടെ അനുഭവങ്ങളാക്കി നമുക്കും മാറ്റാം.

ഇന്നല്ലെങ്കിൽ നാളെ നാമെല്ലാവരും ഏതെങ്കിലുമൊക്കെ പ്രതിസന്ധികളിലൂടെയോ ദുരിതങ്ങളിലൂടെയോ കടന്നുപോകേണ്ടതായി വരും. ഏതു സുനാമിയാണ് നമ്മുടെ ജീവിതത്തെ ആക്രമിക്കുക എന്ന് നമുക്കറിഞ്ഞുകൂടാ. ദൈവം ക്രൂരനല്ല... ജോബ് 34,10 ൽ "ദൈവം ഒരിക്കലും ദുഷ്ടത പ്രവർത്തിക്കുന്നില്ല, സർവശക്തൻ വഞ്ചന കാണിക്കുന്നില്ല" എന്നു നാം വായിക്കുന്നു.

ഒരു കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഭാവി തകർത്തുകൊണ്ട് ദുരന്തങ്ങളും രോഗങ്ങളും നമ്മിൽ പലരെയും കീഴ്പ്പെടുത്തിയേക്കാം. എന്നാൽ ദൈവത്തിന്റെ വഴികൾ നമ്മുടെ വഴികളിൽനിന്നും ചിന്തകളിൽനിന്നും വളരെ വ്യത്യസ്തമാണ്. ഏശയ്യാ 55,9 ൽ നാം വായിക്കുന്നു: ''ആകാശം ഭൂമിയെക്കാൾ ഉയർന്നു നില്ക്കുന്നു, അതുപോലെ എന്റെ വഴികളും ചിന്തകളും നിങ്ങളുടേതിനെക്കാൾ ഉന്നതമത്രേ''. കഠിനവേദനയുടെ മുമ്പിലും ദൈവം ഇത് അനുവദിക്കുന്നത് നമ്മുടെ ഉപരിനന്മയ്ക്കായിട്ടാണ് എന്നു ചിന്തിക്കുവാൻ പഠിക്കേണ്ടത് ആവശ്യമാണ്. ലൂക്കാ 11,13 ൽ ഈശോ നമ്മോടു പറയുന്നു, "മക്കൾക്കു നല്ല ദാനങ്ങൾ നല്കാൻ ദുഷ്ടരായ നിങ്ങൾക്ക് അറിയാമെങ്കിൽ, സ്വർഗസ്ഥനായ പിതാവ് തന്നോടു ചോദിക്കുന്നവർക്ക് എത്രയധികമായി പരിശുദ്ധാത്മാവിനെ നല്കുകയില്ല" എന്ന്. ഈ വേദനകൾക്കപ്പുറത്ത് നാം ജീവിക്കുന്ന ഒരുകാലത്ത് ദൈവത്തിന്റെ പ്രിയപ്പെട്ടവരായി, അവിടുന്നിൽ ആശ്രയിക്കുന്നവരായി നമ്മെ രൂപാന്തരപ്പെടുത്തുവാനായി അവിടുന്ന് ഒരുക്കുന്ന വഴികളാണിവ എന്നു നാം ചിന്തിക്കണം.

സഹനങ്ങളുടെ തീച്ചൂളയിൽ തളർന്ന ജോബിനോട് കർത്താവ് ചില ചോദ്യങ്ങൾ ചോദിക്കുന്നു... ''വിജനമായ മരുഭൂമിയിൽ മഴപെയ്യിച്ച് ഉണങ്ങിവരണ്ട ഭൂമിയുടെ ദാഹം ശമിപ്പിച്ച്, അവിടെ പുല്ലു മുളപ്പിക്കുന്നതിന് മഴയുടെ ചാലുകൾ കീറിയതും ഇടിമിന്നലിന്റെ പാത ഒരുക്കിയതും ആര്?'' (ജോബ് 38,25-27). ''കാട്ടാടുകളുടെ പ്രസവകാലം നിനക്കറിയാമോ? മാൻപേടകളുടെ ഈറ്റുനോവ് നീ കണ്ടിട്ടുണ്ടോ?'' (ജോബ് 39,1). ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ജോബിനായില്ല. ജോബിനെന്നല്ല, നമുക്കാർക്കും ഇതിന് ഉത്തരം പറയാൻ സാധ്യമല്ല. എങ്കിൽ ഉത്തരമില്ലാത്ത ചോദ്യങ്ങളാണ് "സഹനം" അഥവാ "ദുരിതം". നമ്മുടെ വീട്ടുമുറ്റത്ത് നാം വച്ചുപിടിപ്പിച്ചതല്ലാതെ എത്രയോ ചെടികൾ, പുല്ലുകൾ വളരുന്നു. ഒരു വിത്തുപോലും നമ്മളാരും മണ്ണിലിട്ടിട്ടല്ല അവയുണ്ടായത്. എങ്കിൽ ഇവയൊക്കെ സൃഷ്ടിച്ചത് ദൈവമല്ലേ... അവിടുത്തേക്ക് തന്റെ സൃഷ്ടികളുടെമേൽ സ്വാതന്ത്ര്യമില്ലേ? അതിനാൽ സങ്കീർത്തകനോടൊപ്പം നമുക്കും പറയാം, ''ദുരിതങ്ങൾ എനിക്കുപകാരമായി; തന്മൂലം ഞാൻ അങ്ങയുടെ ചട്ടങ്ങൾ അഭ്യസിച്ചുവല്ലോ'' (സങ്കീ 119,71) എന്ന്.

നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നത് ദൈവികപദ്ധതിയാണ് എന്ന് ദുരിതങ്ങളുടെ മധ്യേ ചിന്തിക്കുവാനും പുതിയ പ്രഭാതത്തെ പ്രതീക്ഷയോടെ പുല്കുവാനും നമുക്കു പരിശ്രമിക്കാം.



# സെനക്കിൾ തരംഗം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിൽ ദനഹാക്കാലത്തേക്ക് നാം പ്രവേശിച്ചുകഴിഞ്ഞു. ഈശോയുടെ പരസ്യ ജീവിതമാണല്ലോ ഈ കാലഘട്ടത്തിൽ നാം അനുസ്മരിക്കുന്നത്. പാപാന്ധകാരത്തിലമർത്തിരുന്ന ലോക ത്തിൽ ഉദയസൂര്യനായികടന്നുവന്ന ഈശോ ദൈവപിതാവിന്റെ കരുണയുള്ള മുഖം വെളിപ്പെടുത്തു ന്നവനായിരുന്നു. ദൈവത്തിന്റെ ഈ സ്വയംവെളിപ്പെടുത്തലാണ് ഈശോയുടെ മാമ്മോദീസാ നമ്മെ അനുസ്മരിപ്പിക്കുന്നത്. ഈശോ മാമ്മോദീസാ സ്വീകരിച്ചപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ തന്റെമേൽ ഇറങ്ങിവരുന്നത് അവൻ കണ്ടു. 'ഇവൻ എന്റെ പ്രിയപുത്രൻ. ഇവ നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന് ഒരു സ്വരം സ്വർഗ്ഗത്തിൽ നിന്നുകേട്ടു. ദൈവവും ഈശോയും തമ്മിൽ പരിശുദ്ധാത്മാവിലുള്ള പിതൃപുത്രബന്ധവും, പിതാവ് പുത്രനും പുത്രനിലൂടെ മനുഷ്യകുലം മുഴുവനും നിത്യമായി നൽകിക്കൊണ്ടിരിക്കുന്ന കരുണയുള്ള സ്നേഹവും വെളിപ്പെടുത്തപ്പെട്ട നിമിഷ ങ്ങളായിരുന്നു അവ. ഈശോയുടെ ജീവിതത്തിൽ ഉടനീളം അനുഭവിച്ചറിഞ്ഞ പിതാവിന്റെ കരുണാർദ്ര മായ സ്നേഹമാണ് മാമ്മോദീസാവേളയിൽ പ്രഖ്യാപിക്കപ്പെട്ടത്. ഈ സ്നേഹമാണ് ഈശോയെ ദൈവ ത്തിന്റെ കരുണയുടെ മുഖം വെളിപ്പെടുത്തുന്നവനാക്കിയത്. നമ്മുടെ മാമ്മോദീസാനുഭവവും ഈശോ യുടേതിനോട് സദൃശമാണ്. മാമ്മോദീസായിൽ ആരംഭിച്ച, ദൈവവുമായുള്ള ഈ പിതൃപുത്രബന്ധ ത്തിലും ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹാനുഭവത്തിലും നിരന്തരമായി വളർന്നുകൊണ്ടിരി ക്കുന്ന ഒരു ജീവിതമാണ് നമ്മുടെ ക്രൈസ്തവജീവിതവും പൗരോഹിത്യജീവിതവും. ഈശോമിശി ഹായെപ്പോലെ ദൈവപുത്രർക്കടുത്ത കരുണയുടെ മുഖം പ്രതിഫലിപ്പിക്കുന്ന ഒരു ജീവിതം നയിക്കു വാൻ ഈ ദനഹാക്കാലം നമുക്ക് പ്രചോദനമാകട്ടെ.

## വാർത്തകൾ

2015 നവംബർ 18-ാം തീയതി അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിനെ സംബ ന്ധിച്ചിടത്തോളം ദൈവാനുഗ്രഹം സമൃദ്ധമായി ചൊരിയപ്പെട്ട ഒരു ദിവസമായിരുന്നു. അന്ന് ചങ്ങനാ ശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി എന്നീ രൂപതകളിൽ നിന്നുമുള്ള 14 ഇടവക വൈദികർ പ്രതിജ്ഞാബദ്ധ രായി സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിലുള്ള അവരുടെ അംഗത്വം നവീകരിച്ചു. അവരിൽ 6 പേർ നിത്യമായും 7 പേർ ആദ്യമായും പ്രതിജ്ഞ ചെയ്തും ഒരാൾ ഇൻസ്റ്റിറ്റ്യൂട്ടിലുള്ള ഔദ്യോഗിക അംഗത്വം സ്വീകരിച്ചും ഇൻസ്റ്റിറ്റ്യൂട്ടിനെ ധന്യമാക്കി. അന്നത്തെ തിരുക്കർമ്മങ്ങൾക്ക് കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിലെ മറ്റ് അംഗങ്ങളെല്ലാവരും അന്ന് അവരുടെ പ്രതിജ്ഞ നവീകരിക്കുകയും ചെയ്തു. ഇടവക വൈദികരുടെ ആദ്ധ്യാത്മികതയെയും കൂട്ടായ്മയെയും പരിപോഷിപ്പിക്കുന്ന സെനക്കിൾ ആദ്ധ്യാത്മികതയുടെ പ്രേഷിതരാകുവാൻ തയ്യാ റായ ഈ വൈദികർക്ക് ഹൃദയംഗമമായ അനുമോദനങ്ങൾ അർപ്പിച്ചുകൊണ്ടും മറ്റു സഹായസഹകര ണങ്ങൾ ചെയ്തുകൊണ്ടും പരമാവധി സ്നേഹത്തിന്റെ പ്രേഷിതകുടുംബാംഗങ്ങളായ അപ്പസ്തോ ലിക്ക് ഒബ്ലേറ്റ്സ് മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിൽ ഈ തിരുക്കർമ്മത്തിൽ പങ്കുചേർന്നു. ഇറ്റലി, അമേരിക്ക, മാൾട്ടാ എന്നീ നേഷൻസിലുള്ള അപ്പസ്തോലിക്ക് സൊദാലെസ് വൈദികർ ആശംസകളും പ്രാർത്ഥനകളും അറിയിച്ച് ഇൻഡ്യൻ നേഷന്റെ ഈ സന്തോഷത്തിൽ പങ്കുചേർന്നു.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.




**ബെറ്റി കച്ചിറ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒന്നാം ദിവ്യരഹസ്യം:** ഈശോ യോർദ്ദാനിൽ മാമ്മോദീസാ സ്വീകരിക്കുന്നതു നമുക്കു ധ്യാനിക്കാം (മത്താ1,9)

മാമ്മോദീസാ സ്വീകരിച്ച് ക്രിസ്ത്യാനികളായ ഞങ്ങളെ ദൈവസ്നേഹം കൊണ്ട് നിറച്ച് യഥാർത്ഥ വിളിയായ വിശുദ്ധിയിൽ ജീവിക്കാൻ പരി. അമ്മേ, ഞങ്ങളെ സഹായിക്കണേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:** കാനായിൽ ഈശോ തന്നെത്തന്നെ വെളിപ്പെടുത്തുന്നതു നമുക്കു ധ്യാനിക്കാം (യോഹ 2,11)

സഹോദരങ്ങളുടെ കാര്യത്തിൽ ശ്രദ്ധയും കരുതലുമുള്ള പരി. അമ്മയിൽ ആശ്രയിച്ചുകൊണ്ട് നമുക്കും നമ്മുടെ സഹോദരങ്ങളുടെ ആവശ്യങ്ങളിൽ കരുതലുള്ളവരാകാം. ലോകത്തിൽ സഭയുടെ, മിശിഹായുടെ മുഖം തെളിച്ചു കാണിക്കുന്ന സുവിശേഷധീരമായ സാക്ഷ്യം നല്കാനുള്ള ശക്തിക്കായി പരി. അമ്മേ, പ്രാർത്ഥിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:** ഈശോ സ്വർഗരാജ്യം പ്രഘോഷിക്കുന്നതു നമുക്കു ധ്യാനിക്കാം (മർക്കോ 1,14-15).

ഞങ്ങളുടെ കുടുംബങ്ങളും സമൂഹങ്ങളും സ്വാർത്ഥതയിൽ മുഴുകാതെ, എപ്പോഴും വീണ്ടും തുടങ്ങുന്ന, പുറത്തുകടക്കുന്ന വ്യക്തികളായിത്തീരാൻ, ദൈവരാജ്യ പ്രഘോഷകരായിത്തീരാൻ വേണ്ട ശക്തിക്കായി പരി. അമ്മേ, പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:** ഈശോയുടെ രൂപാന്തരീകരണം നമുക്കു ധ്യാനിക്കാം (മത്താ 17,5).

പരി. അമ്മേ, നിന്റെ മാദ്ധ്യസ്ഥ്യം വഴി ഞങ്ങൾ ഓരോ ദിവസവും വിശുദ്ധിയിലേക്കുള്ള യാത്ര തുടങ്ങുവാനും ഈശോയുമായുള്ള കൂടിച്ചേരലിലൂടെ ഒരു രൂപാന്തരാനുഭവം നേടുവാനും ഞങ്ങളെ സഹായിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:** ഈശോ പരി. കുർബാന സ്ഥാപിക്കുന്നതു നമുക്കു ധ്യാനിക്കാം (1 കോറി 11,23-25)

ലോകമരുഭൂമിയിൽ മനുഷ്യമക്കളോടൊപ്പം ആയിരിക്കാൻ തന്റെ സ്വന്തം ശരീരവും രക്തവും ദാനമായി നല്കിയതിനു നന്ദിനിറഞ്ഞ ഹൃദയത്തോടെ, വിശ്വാസികളായ മക്കൾ സഭാ ഗാത്രത്തിൽ ഒന്നുചേരാൻ പരി. അമ്മേ, നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*



വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്കു നല്കണമേ

## Spirituality Centre Programme

### January

| | |
|---|---|
| 1-3 | Sunday School Retreat |
| 9 | Social Animators & School of Bible |
| 11-15 | Liturgical Retreat for Priests, Sisters & Lay People |
| 16 | Recollection for Oblates |
| 19 | Bible Study Forum |
| 19-20 | Cenacle Gathering (Sodales & Aspirants) |

RNI: KERMAL/2014/59983
Published on
24th December 2015

PRATHEEKSHAYUDE POOMOTTUKAL
(Malayalam Monthly)

Registered: KL/KTM/72/2015-17
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"കർത്താവേ, തവജനനത്തിൽ
ദ്യോവിലുദിച്ചൊരു നക്ഷത്രം
അവനിയിലിരുളല നീക്കിടും
പ്രഭ നീയെന്നിഹ വെളിവാക്കി.
ജ്ഞാനസ്നാനം പാവകനാൽ
നല്കും നീയെന്നറിയിക്കാൻ
പ്രാവിൻരൂപം കൈക്കൊണ്ടു
റൂഹാ നിന്നിൽ നിവസിച്ചു"
(ദനഹാക്കാലം, ചൊവ്വ-ലെലിയ)

Printed, Published & Owned by Annamma Kulathupurayidom, Apostolic Oblates, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 0481-2570862, E-mail: wigipress@gmail.com and Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph: 0481 2578192, E-mail: psmktm@gmailcom.
Editor: Fr. Mathew Vellanickal